بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 1

ലക്കം 38

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 നവംബർ 24/ഹി:ശം:1395 നുബുവ്വത്ത് 24/ഹി:ഖ: 1438 സഫർ 23

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 2016 ഒക്ടോബർ 21ന് മസ്ജിദ് ബയ്ത്തുൽ ഇസ്ലാം ടൊറോൺഡോ(Toronto) കാനഡയിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരിഹീ.

**എനിക്കെതിരിൽ ചെയ്യപ്പെടുന്ന എല്ലാ ഗൂഢപദ്ധതികളിലും അല്ലാഹു ശത്രുക്കളെ പരാജിതരാക്കിവെക്കുന്നു. ആയിരക്കണക്കിന് തടസ്സങ്ങളുണ്ടായിട്ടും എന്റെ ജമാഅത്തിന്റെ അംഗസംഖ്യ ലക്ഷക്കണക്കിന് അല്ലാഹു ആക്കി. ഇത് കറാമത്തല്ലെങ്കിൽ പിന്നെന്താണ്? ഇതിനു സമാനമായതെന്തെങ്കിലും ശത്രുക്കളുടെ പക്കലുണ്ടെങ്കിൽ അത് അവർ സമർപ്പിക്കട്ടെ. ഇതിന് ലഅ്നത്തല്ലാഹി അലൽകാദിബീൻ എന്നു പറയുകയല്ലാതെ എന്തു പറയാനാണ്. ഇപ്പോൾ നമ്മുടേയും നമ്മുടെ എതിരാളികളുടേയും കലഹം പാരമ്യതയിലെത്തിക്കഴിഞ്ഞു. ഇനി എന്നെ അയച്ചവനാരോ അവൻതന്നെ വിധി കല്പിക്കുന്നതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"അബ്ദുൽ ഹക്കീം ഖാൻ തന്റെ വർഗത്തിലുള്ള മറ്റുള്ളവരെ പിൻപറ്റിക്കൊണ്ട് ഞാൻ കളവ് പറഞ്ഞുകൊണ്ടിരിക്കുന്നവനാണെന്നും ദജ്ജാലാണെന്നും നിഷിദ്ധമായത് തിന്നുന്നവനാണെന്നും വഞ്ചകനാണെന്നും തന്റെ ചെറുപുസ്തകമായ 'അൽമസീഹുൽദജ്ജാലിൽ' പല രീതിയിലുള്ള എന്റെ കുറവുകൾ എണ്ണി ആക്ഷേപിച്ചിട്ടുള്ളത് ചർച്ചയ്ക്ക് അർഹമായ കാര്യമാണ്. അങ്ങനെ എന്റെ പേര് വയറുപൂജകനെന്നും സുഖഭോഗതല്പരനെന്നും മുത്തകബ്ബിറെന്നും ദജ്ജാലെന്നും ശയ്ത്വാനെന്നും ഭ്രാന്തനെന്നും പെരുങ്കള്ളനെന്നും നിഷിദ്ധമായത് തിന്നുന്നവനെന്നും പ്രതിജ്ഞാലംഘകനെന്നും വഞ്ചകനെന്നും വെച്ചിരിക്കുന്നു. മറ്റു പല ന്യൂനതകളും പറഞ്ഞിട്ടുണ്ട്. ഇത് അയാളുടെ ഗ്രന്ഥമായ അൽമസീഹുദ്ദജ്ജാലിൽ എഴുതിയിട്ടുള്ളതാണ്. ഇന്നുവരെ യഹൂദികൾ ഹദ്റത്ത് ഈസാ(അ)യ്ക്കുമേൽ ഉന്നയിച്ചുകൊണ്ടിരിക്കുന്ന ന്യൂനതകളാണിത്. അതുകൊണ്ട് ഈ ഉമ്മത്തിലെ യഹൂദികൾ അതേ ന്യൂനതകൾ എന്റെമേലും ഉന്നയിക്കുന്നുവെന്നത് സന്തോഷകരമായ കാര്യമാണ്. എന്നാൽ, ഈ എല്ലാ ആക്ഷേപങ്ങൾക്കും അസഭ്യങ്ങൾക്കും മറുപടി നല്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മറിച്ച് ഞാൻ ഈ എല്ലാകാര്യങ്ങളും അല്ലാഹുവിനെ ഏല്പിക്കുകയാണ്. ഞാൻ അബ്ദുൽഹക്കീം ഖാനും അയാളുടെ തരക്കാരും മനസ്സിലാക്കിയതുപോലെയാണെങ്കിൽ അല്ലാഹുവിനെക്കാൾ വലിയവനായി എന്റെ ശത്രു മറ്റാരാണുള്ളത്? ഇനി ഞാൻ അല്ലാഹുവിന്റെ പക്കൽ അത്തരക്കാരനല്ലെങ്കിൽ ഇക്കാര്യങ്ങൾക്കുള്ള മറുപടി അല്ലാഹുവിന് വിട്ടുകൊടുക്കുന്നതാണ് ഉത്തമ മാർഗമെന്ന് ഞാൻ മനസ്സിലാക്കുന്നു. തന്റെ ഏതെങ്കിലും റസൂലിനെ സംബന്ധിച്ചുള്ള കേസിന്റെ വിധി ഭൂമിയിൽ നടക്കാത്തതാണെങ്കിൽ അല്ലാഹു തന്റെ സ്വന്തം കൈയിലെടുക്കുക എന്നതാണ് അല്ലാഹുവിന്റെ നടപടി ക്രമം. അവൻതന്നെ തീരുമാനം എടുക്കുന്നു. കാരണം ഞാൻ ഒരു ഭാഗത്ത് കഴിഞ്ഞ 25 വർഷമായി കളവു പറഞ്ഞുകൊണ്ടിരിക്കുന്നവനും രാത്രിയിൽ സ്വന്തമായി രണ്ടുനാലുകാര്യങ്ങളുണ്ടാക്കുകയും ഇത് അല്ലാഹുവിന്റെ ഇൽഹാമാണെന്ന് രാവിലെ പറയുകയും ചെയ്യുന്ന അക്രമിയും ദ്രോഹിയുമായ വ്യക്തിയും മറുഭാഗത്ത് വഞ്ചനയിലൂടെ ദൈവസൃഷ്ടികളുടെ ആയിരക്കണക്കിന് രൂപ തിന്നവനും വാഗ്ദാനം ലംഘിച്ചവനും കള്ളം പറയുന്നവനും സ്വന്തം നേട്ടത്തിനുവേണ്ടി അവർക്ക് നഷ്ടമുണ്ടാക്കുന്നവനും മുഴുവൻ ലോകത്തിന്റേയും ന്യൂനത ഉള്ളിൽ വഹിക്കുന്നവനുമാണെങ്കിൽ കോപമുണ്ടാകുന്നതിനു പകരം അല്ലാഹുവിന്റെ കാരുണ്യം എന്നിൽ ഇറങ്ങുന്നതെന്തിന്. ശത്രുക്കൾ എനിക്കെതിരിൽ ചെയ്യുന്ന എല്ലാ ഗൂഢപദ്ധതികളും അല്ലാഹു തകർക്കുന്നു. ആ ആയിരക്കണക്കിന് പാപങ്ങളും കറ്റുകെട്ടുകളും അക്രമങ്ങളും നിഷിദ്ധകാര്യങ്ങൾ ചെയ്യുകയും ചെയ്ത കാരണത്താൽ എന്നിൽ ഇടിമിന്നൽ പതിക്കുന്നില്ല, ഭൂമിയിൽ ഞാൻ ആഴ്ത്തപ്പെടുന്നുമില്ല. മറിച്ച് എല്ലാ എതിരാളികൾക്കുമെതിരിൽ എനിക്കു സഹായമാണ് ലഭിക്കുന്നത്. പല ആക്രമണങ്ങളുണ്ടായിട്ടും അതിൽനിന്നെല്ലാം ഞാൻ രക്ഷിക്കപ്പെട്ടു.[1]

ആയിരക്കണക്കിന് തടസ്സങ്ങളുണ്ടായിട്ടും എന്റെ ജമാഅത്തിന്റെ അംഗസംഖ്യ ലക്ഷക്കണക്കിന് അല്ലാഹു ആക്കി. ഇത് കറാമത്തല്ലെങ്കിൽ പിന്നെന്താണ്? ഇതിനു സമാനമായതെന്തെങ്കിലും ശത്രുക്കളുടെ പക്കലുണ്ടെങ്കിൽ അത് അവർ സമർപ്പിക്കട്ടെ. ഇതിന് ലഅ്നത്തല്ലാഹി അലൽകാദിബീൻ എന്നു പറയുകയല്ലാതെ എന്തു പറയാനാണ്. 25 വർഷമായി കറ്റുകെട്ടി പറഞ്ഞുകൊണ്ടിരിക്കുന്ന ആരുടെയെങ്കിലും ഉദാഹരണമുണ്ടോ? അയാൾ ഇത്രയും കാലം കറ്റുകെട്ടി പറഞ്ഞുകൊണ്ടിരുന്നിട്ടും അയാളെ പിന്തുണച്ചുകൊണ്ട് നൂറുക്കണക്കിന് ദൃഷ്ടാന്തങ്ങളും ദൈവസഹായങ്ങളും നല്കപ്പെട്ടതിനും അയാൾ ശത്രുക്കളുടെ എല്ലാ ഓരോ ആക്രമണങ്ങളിൽനിന്നും രക്ഷിക്കപ്പെട്ടതിനും!(എന്തെങ്കിലും ഉദാഹരണമുണ്ടോ?)ഫഅ്തൂ ബിഹാ ഇൻകുൻതും സ്വാദിഖീൻ. പറഞ്ഞതിന്റെ ചുരുക്കം ഇപ്പോൾ നമ്മുടേയും നമ്മുടെ എതിരാളികളുടേയും കലഹം പാരമ്യതയിലെത്തിക്കഴിഞ്ഞു. ഇനി എന്നെ അയച്ചവനാരാണോ അവൻതന്നെ വിധി കല്പിക്കുന്നതാണ്. ഞാൻ സത്യവാദിയാണെങ്കിൽ തീർച്ചയായും ആകാശം എനിക്കുവേണ്ടി ഒരു ഉഗ്രൻ സാക്ഷ്യം നല്കുന്നതാണ്. അതുമുഖേന ശരീരം വിറകൊള്ളും. ഇനി ഞാൻ 25 വർഷത്തെ കുറ്റവാളിയാണെങ്കിൽ -ഇത്ര നീണ്ട കാലംവരെ അല്ലാഹുവിൽ കറ്റുകെട്ടി പറഞ്ഞുകൊണ്ടിരിക്കുന്നവനാണെങ്കിൽ-ഞാനെങ്ങനെ രക്ഷപ്പെടാനാണ്. ഈ രീതിയിൽ നിങ്ങളെല്ലാവരും എന്റെ സ്നേഹിതന്മാരായാൽത്തന്നെയും ഞാൻ നശിപ്പിക്കപ്പെട്ടവനാണ്. കാരണം അല്ലാഹുവിന്റെ കൈ എനിക്കെതിരാണ്. അല്ലയോ ജനങ്ങളേ! ഞാൻ കള്ളവാദിയല്ലെന്ന് നിങ്ങൾ ഓർത്തുകൊള്ളുക. മറിച്ച് കഠിനമായി ഉപദ്രവിക്കപ്പെട്ടവനാണ്. കറ്റുകെട്ടി പറയുന്നവനല്ല. പ്രത്യുത സത്യവാനാകുന്നു. ഞാൻ കഠിനമായി ഉപദ്രവിക്കപ്പെട്ടവനെന്ന നിലയിൽ ഒരു കാലം കഴിഞ്ഞുപോയി. ഇന്നേക്ക് 25 വർഷം മുമ്പേ അല്ലാഹു പറഞ്ഞതാണ് ഇക്കാര്യം. അത് ബറാഹീനെ അഹ്മദിയ്യായിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. അതായത് അല്ലാഹുവിന്റെ ഈ ഇൽഹാം:'ലോകത്ത് ഒരു താക്കീതുകാരൻ വന്നു. എന്നാൽ, ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. പക്ഷേ, അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും വളരെ ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത വെളിപ്പെടുത്തുകയും ചെയ്യുന്നതാണ്.' ഇത് എന്നിൽനിന്ന് ഒരു ക്ഷണവും ഇല്ലാതിരുന്ന കാലത്തെ ഇൽഹാമാണ്. നിഷേധിക്കുന്ന ആളുമുണ്ടായിരുന്നില്ല. പ്രവചനത്തിന്റെ വർണനത്തിലുള്ള വാക്കുകൾ മാത്രമായിരുന്നു ഇത്. അത് ശത്രുക്കളായ മൗലവിമാർ പൂർത്തിയാക്കി. അതുകൊണ്ട് അവർ എന്തൊന്ന് ആഗ്രഹിച്ചുവോ ചെയ്തു. ഇപ്പോൾ ഈ പ്രവചനത്തിന്റെ അതായത് അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും വളരെ ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത വെളിപ്പെടുത്തുകയും ചെയ്യുന്നതാണെന്ന രണ്ടാമത്തെ വാക്യം പ്രകടമാകുന്ന നേരമാണ്."

---

കപ്പിത്താൻ ഡഗ്ലസ് സാഹിബ് ഡപ്യൂട്ടി കമ്മീഷണറുടെ കോടതിയിൽ എനിക്കെതിരിൽ വധോദ്യമ കേസുകൊടുത്തു. അതിൽനിന്ന് രക്ഷിക്കപ്പെട്ടു. എന്നല്ല മോചിതനാകുമെന്ന വാർത്ത ആദ്യമേ എനിക്ക് നല്കപ്പെട്ടു. പോസ്റ്റൽ നിയമത്തെ ലംഘിച്ചുവെന്നു പറഞ്ഞ് എനിക്കെതിരിൽ കേസുകൊടുത്തു. അതിനുള്ള ശിക്ഷ 6 മാസം തടവായിരുന്നു. അതിൽനിന്നും രക്ഷിക്കപ്പെട്ടു. രക്ഷപ്പെടുമെന്ന വാർത്ത വിധിയുണ്ടാകുന്നതിനുമുമ്പേ എനിക്ക് നല്കപ്പെട്ടിരുന്നു. ഝലമിലെ സൻസാർ ചന്ദ് മജിസ്ട്രേട്ടിന്റെ കോടതിയിൽ കരംദീൻ എന്നയാൾ എനിക്കെതിരെ ക്രിമിനൽ കേസുകൊടുത്തു. അതിൽനിന്നും ഞാൻ മോചിപ്പിക്കപ്പെട്ടു. മോചിതനാകുമെന്നുള്ള കാര്യം ആദ്യമെ അല്ലാഹു എന്നെ അറിയിച്ചിരുന്നു. പിന്നീട് ഗുരുദാസ്പൂരിൽ എനിക്കെതിരെ ഇതേ കരംദീൻ ഒരു ക്രിമിനൽകേസു കൊടുത്തു. അതിൽനിന്നും ഞാൻ മോചിപ്പിക്കപ്പെട്ടു. മോചിതനാകുമെന്നുള്ള കാര്യം ആദ്യമെ അല്ലാഹു എന്നെ അറിയിച്ചിരുന്നു. ഇപ്രകാരം എന്റെ ശത്രുക്കൾ എനിക്കെതിരെ എട്ടു കേസാണ് കൊടുത്തത്. ഈ എട്ടു കേസിലും അവർ പരാജിതരായി. ഇന്നേക്ക് 25 വർഷംമുമ്പേ ബറാഹീനെ അഹ്മദിയ്യായിൽ രേഖപ്പെടുത്തിയ യൻസ്വുറുക്കല്ലാഹു ഫീ മവാത്വിനാ എന്ന പ്രവചനം പൂലർന്നു. ഇത് കറാമത്തല്ലേ?(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസായിൻ വാല്യം 22 പേജ് 188-190)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദർ ബോർഡ്,ഖാദിയാൻ

# അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)

ഭാഗം-3

– ഹാഫിസ് മുസഫർ അഹ്മദ്

എന്റെ ഭർത്താവ് അബ്ദുല്ലായുടെ സാമ്പത്തികനില അന്ന് അത്ര നല്ലതായിരുന്നില്ല. ഞാൻ അദ്ദേഹത്തോടു ചോദിച്ചു, ഞാൻ കൊടുക്കേണ്ട സ്വദഖഃ താങ്കൾക്കുവേണ്ടി ചെലവഴിച്ചാൽ എനിക്കതിനു പ്രതിഫലം കിട്ടുമോ? നീ നേരിട്ട് അല്ലാഹുവിന്റെ റസൂലിനോട് ചോദിച്ചുകൊള്ളുക എന്നദ്ദേഹം അവരോടു പറഞ്ഞു. അവർ പറയുന്നു, ഞാൻ നബി(സ) തിരുമേനിയുടെയടുക്കൽപോയി. നോക്കുമ്പോൾ ഇതേ കാര്യം ചോദിക്കുന്നതിനായി ഒരു അൻസ്വാരി സ്ത്രീയും അവിടെ വന്നിരിക്കുന്നത് കണ്ടു. ഞാൻ ഹദ്റത്ത് ബിലാലിനോടു പറഞ്ഞു, താങ്കൾ ഞങ്ങളുടെ ചോദ്യത്തിനുള്ള മറുപടി നബി(സ)തിരുമേനിയോടു ചോദിച്ചിട്ട് ഞങ്ങൾക്കു പറഞ്ഞുതരിക. ഞങ്ങളുടെ പേര് അല്ലാഹുവിന്റെ റസൂലിനോടു പറയണ്ട. ഹദ്റത്ത് ബിലാൽ(റ)പോയി നബി(സ) തിരുമേനിയോടു ചോദിച്ചപ്പോൾ ആരാണ് ഇതു ചോദിക്കുന്നതെന്ന് നബി(സ) ആരാഞ്ഞു. ഹുദൂർ സയ്നബാണെന്ന് ബിലാൽ(റ)അറിയിച്ചു. ഏത് സയ്നബെന്ന് നബി(സ)ചോദിച്ചു. ബിലാൽ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഒരാൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ ഭാര്യ സയ്നബാണ്. മറേറത് സയ്നബ് അൻസ്വാരിയ്യഃയാണ്.' നബി(സ) പറഞ്ഞു, 'അതേ! അവർക്കു ഇരട്ടി പ്രതിഫലം ഉണ്ടായിരിക്കുമെന്ന് രണ്ടുപേരോടും പറയുക. ഒന്ന് ബന്ധുക്കളോടു നല്ലനിലയിലുള്ള പെരുമാറ്റത്തിന്. രണ്ട് സ്വദഖഃ കൊടുത്തതിനും.'

**ബദ്ർ രണാങ്കണത്തിലെ യോദ്ധാവ്:-**

മദീന കാലഘട്ടത്തിൽ നടന്ന യുദ്ധങ്ങളിൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന് നബി(സ) തിരുമേനിയോടൊപ്പം പങ്കെടുക്കാനുള്ള ഭാഗ്യം ലഭിച്ചു. ബദ്റ്യുദ്ധത്തിൽ ഇസ്ലാമിന്റെ ശത്രുവായ അബൂജഹ്ലിനെ അയാളുടെ ദുർപര്യവസാനത്തിൽ എത്തിക്കുന്നതിൽ അദ്ദേഹവും പങ്കാളിയാണ്. അതിങ്ങനെ ആയിരുന്നു. യുദ്ധം അവസാനിച്ചു. നബി(സ)തിരുമേനി ചോദിച്ചു, അബൂജഹ്ലിനെക്കുറിച്ചുള്ള ശരിയായ അറിവ് കൊണ്ടുവരാൻ ആരാണുള്ളത്? നബി(സ)തിരുമേനിയുടെ നിർദേശമനുസരിച്ച് ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പോയപ്പോൾ കാണുന്നത്, ബദ്ർ യുദ്ധഭൂമിയിൽ റസൂലിന്റെ ശത്രു അബൂജഹ്ൽ (അയാളെ ഹദ്റത്ത് അഫ്റാഇന്റെ മക്കൾ വാളുകൊണ്ടുവെട്ടി ഗുരുതരമായി മുറിവേല്പിച്ചിരുന്നു) മരണാസന്നനായി കിടക്കുന്നതാണ്. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)അയാളോടു പറഞ്ഞു, നീ ദുഷ്ടനും വഴിപിഴപ്പിക്കുന്നവനുമായ ആ വയസ്സൻ അബൂജഹ്ലാണോ? ആ ദുഷ്ടന് അവസാനനിമിഷത്തിലും തന്റെ അഹങ്കാരത്തിൽനിന്നും അഹംഭാവത്തിൽനിന്നും മോചനം കിട്ടിയിരുന്നില്ല. അയാൾ ചോദിച്ചു: 'എന്നെക്കാൾ വലിയ ഏതെങ്കിലും നേതാവിനെ നീ കൊന്നിട്ടുണ്ടോ? അതായത് തന്റെ സമുദായം വധിച്ച ഏതെങ്കിലും വലിയ നേതാവുമുണ്ടോ? എന്ന് ചോദിച്ച് അയാൾ വാശികയറ്റി. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പറയുന്നു, അതു കേട്ടതോടെ ഞാൻ അയാളുടെ കഥകഴിച്ചു.

ഉഹ്ദ് യുദ്ധത്തിലും ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)പങ്കെടുത്തിരുന്നു. എന്നല്ല ഉഹ്ദ് യുദ്ധത്തിനുശേഷം നിഷേധികളായ ഖുറയ്ശികളെ പിന്തുടർന്നവരും അവർക്ക് മഹത്തായ പ്രതിഫലമുണ്ടെന്ന് വിശുദ്ധഖുർആൻ സ്തുതിച്ചവരുമായ ആ മുറിവേറ്റ സ്വഹാബിമാരിലും അദ്ദേഹമുൾപ്പെട്ടിരുന്നു.

**കൂഫയിലെ ഇമാറത്തും ഖിലാഫത്തിനോടുള്ള അനുസരണവും:**

നബി(സ) തിരുമേനിയുടെ വഫാത്തിനുശേഷം ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന് ശാമിലെ വിജയങ്ങളിൽ പങ്കെടുക്കാനുള്ള ഭാഗ്യം സിദ്ധിച്ചു. പിന്നീട് ഹുമുസിലാണ് അദ്ദേഹം താമസിച്ചത്. ഹദ്റത്ത് ഉമർ(റ)അവിടെനിന്ന് വിളിപ്പിച്ച് കൂഫക്കാരുടെ വിദ്യാഭ്യാസത്തിനും ശിക്ഷണത്തിനുംവേണ്ടിയുള്ള അധ്യാപകനായിട്ട് അദ്ദേഹത്തെ നിയോഗിച്ചു. അക്കാലത്ത് കൂഫയുടെ അമീർ ഹദ്റത്ത് അമ്മാർ ബിൻ യാസിർ ആയിരുന്നു.

ഹദ്റത്ത് ഉമർ(റ) കൂഫാവാസികൾക്കെഴുതി. 'മറ്റാരും ആരാധ്യനായിട്ടില്ലാത്ത ആ അല്ലാഹുവാണ! ഞാൻ സ്വന്തം ത്യാഗം ചെയ്തിട്ടാണ് അബ്ദുല്ലാഹിബ്നു മസ്ഊദിനെ കൂഫക്കാരുടെ വിദ്യാഭ്യാസത്തിനും ശിക്ഷണത്തിനുമായി അയച്ചിട്ടുള്ളത്. ഇസ്ലാമിന്റെ കേന്ദ്രമായ മദീനയിൽ ഇത്തരം മതപണ്ഡിതന്മാരെ കൂടുതൽ ആവശ്യമുണ്ട്. അതുകൊണ്ട് നിങ്ങൾ അദ്ദേഹത്തിൽനിന്ന് നല്ലവണ്ണം അറിവ് സമ്പാദിക്കുക.

പിന്നീടു ഹദ്റത്ത് ഉഥ്മാൻ(റ) അദ്ദേഹത്തെ കൂഫയിലെ അമീറായി നിയമിച്ചു. നിയമവകുപ്പിന്റേയും ഖജനാവിന്റേയും അധികാരവും അദ്ദേഹത്തിനു നല്കി. അതിനുശേഷം ചിലഗുണങ്ങൾ മുന്നിൽകണ്ട് ഹദ്റത്ത് ഉമർ(റ) അമീർ സ്ഥാനത്തുനിന്ന് അദ്ദേഹത്തെ നീക്കി മദീനയിലേക്ക് മടക്കി വിളിച്ചു. അദ്ദേഹം മടങ്ങിപ്പോകുന്നത് കൂഫക്കാർ ഇഷ്ടപ്പെട്ടിരുന്നില്ല. അവിടെത്തന്നെ താമസിക്കണമെന്ന് അവർ പറഞ്ഞു. അങ്ങയുടെ ഒരു മുടിയെപ്പോലും ആർക്കും തൊടാൻപറ്റാതെ നോക്കേണ്ടത് തങ്ങളുടെ കടമയാണെന്ന് അവർ അറിയിച്ചു. അതുകേട്ട് ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പറഞ്ഞു, 'കാലത്തിന്റെ ഖലീഫയായ ഹദ്റത്ത് ഉഥ്മാനെ അനുസരിക്കേണ്ടത് എന്റെ ബാധ്യതയാണ്. അദ്ദേഹത്തെ അനുസരിക്കാതെ കലഹത്തിന്റെ വാതിൽ തുറക്കുന്നത് എനിക്കു അസഹ്യമാണ്. അങ്ങനെ കാലത്തിന്റെ ഖലീഫയെ പരിപൂർണമായും അനുസരിച്ചുകൊണ്ട് അദ്ദേഹം മദീനയിൽ മടങ്ങിയെത്തി.

(തുടരും)

# അഹ്മദിയ്യാ ജമാഅത്തിൽ ചേരുന്നതിനുള്ള പത്തുനിബന്ധനകൾ

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

1. ജീവാവസാനംവരെ സൃഷ്ടിപൂജയിൽനിന്ന് (ശിർക്കിൽനിന്ന്) വിട്ടുനില്ക്കുന്നതാണ്.

2. കളവ്, വ്യഭിചാരം, ദുർനോട്ടം എല്ലാവിധത്തിലുമുള്ള ദുഷ്കർമങ്ങൾ, ചതി, പരദ്രോഹം, വിശ്വാസവഞ്ചന, സമാധാനഭംഗമുണ്ടാക്കൽ, രാജ്യദ്രോഹം തുടങ്ങിയ മാർഗങ്ങളിൽനിന്ന് ദൂരപ്പെട്ടിരിക്കുന്നതും എന്തുതന്നെ വികാരാവേശങ്ങൾ വന്നാലും ശരീരേച്ഛകൾക്ക് അടിപ്പെട്ടുപോകാതിരിക്കുന്നതുമാണ്.

3. അല്ലാഹുവിന്റേയും റസൂൽ തിരുമേനി(സ)യുടെയും കല്പനകളനുസരിച്ച് അഞ്ചുനേര നമസ്കാരങ്ങളും കൃത്യമായി നിർവഹിക്കുന്നതും സാധ്യമാകുന്നിടത്തോളം തഹജ്ജുദ് നമസ്കരിക്കുന്നതും നബി(സ)തിരുമേനിയുടെ പേരിൽ സ്വാലത്തും സലാമും ചൊല്ലുന്നതും ദിവസവും തന്റെ കുറ്റങ്ങൾക്കായി മാപ്പിരക്കുന്നതും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുന്നതുമാണ്. അല്ലാഹുവിന്റെ ഔദാര്യങ്ങളെ ആത്മാർഥമായ സ്നേഹവായ്പോടെ സ്മരിച്ചുകൊണ്ടിരിക്കുന്നതും ദൈവസ്മരണയും (ദിക്റെ ഇലാഹി) സ്തോത്രവും (ഹംദ്) നിത്യശീലമാക്കുകയും ചെയ്യുന്നതാണ്.

4. ശാരീരിക ദുരാവേശങ്ങൾക്കടിപ്പെട്ടുകൊണ്ട് ആർക്കും തന്നെ, ദൈവസൃഷ്ടികൾക്ക് പൊതുവായും മുസ്ലിംകൾക്ക് പ്രത്യേകിച്ചും നാവുകൊണ്ടോ, കൈകൊണ്ടോ മറ്റു പ്രകാരത്തിലോ അന്യായമായ ഒരു ക്ലേശവും ഉണ്ടാക്കുന്നതല്ല.

5. സന്താപാവസരത്തിലും സന്തോഷവേളകളിലും സുഖത്തിലും കഷ്ടപ്പാടിലും അനുഗ്രഹലബ്ധിയിലും ആപൽഘട്ടത്തിലും എല്ലാ അവസ്ഥകളിലും അല്ലാഹുവിനോടു വിശ്വസ്തത പുലർത്തുകയും ദൈവഹിതത്തിൽ സംതൃപ്തനായിരിക്കുകയും ചെയ്യുന്നതാണ്. ദൈവമാർഗത്തിൽ എല്ലാവിധത്തിലുള്ള മാനഹാനിയും ക്ലേശങ്ങളും വരിക്കുവാൻ സന്നദ്ധനായിരിക്കുന്നതാണ്. എന്തുതന്നെ വിപത്തു നേരിട്ടാലും മുഖം തിരിച്ചുകളയാതെ മുമ്പോട്ടു കാൽവയ്ക്കുന്നതുമാണ്.

6. എല്ലാതരത്തിലുള്ള ദുരാചാരങ്ങളിൽനിന്നും ദുരാഗ്രഹങ്ങളിൽനിന്നും സ്വയം ഒഴിഞ്ഞുമാറുകയും വിശുദ്ധ ഖുർആന്റെ എല്ലാ ആജ്ഞകൾക്കും പൂർണ്ണമായി വിധേയനായിരിക്കുന്നതും എല്ലാ വഴികളിലും ദൈവവചനങ്ങൾക്കും തിരുനബി വചനങ്ങൾക്കും അനുസൃതമായി ചരിക്കുന്നതുമാകുന്നു.

7. അഹംഭാവം, മിഥ്യാഭിമാനം മുതലായവ പൂർണമായും ഉപേക്ഷിക്കുകയും വിനീതവും ലളിതവും സംസ്കാരപൂർണവും ശാന്തവും അനാഡംബരവുമായ ജീവിതം നയിക്കുകയും ചെയ്യുന്നതുമാണ്.

8. ദീനിനേയും ദീനിന്റെ അന്തസ്സിനേയും ഇസ്ലാമിന്റെ ക്ഷേമത്തേയും സ്വന്തം ജീവനേക്കാളും മുതലിനേക്കാളും മാനത്തേക്കാളും സന്തതികളേക്കാളും മറ്റു പ്രിയങ്കരമായതിനേക്കാളുമെല്ലാം കൂടുതൽ പ്രിയപ്പെട്ടതായി കണക്കാക്കുന്നതാണ്.

9. അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളോടും ആത്മാർഥമായ സഹാനുഭാവം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നതും അല്ലാഹു നല്കിയ കഴിവുകളും അനുഗ്രഹങ്ങളും മുഖേന മനുഷ്യകുലത്തിന് ഉപകാരങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുമാകുന്നു.

10. നല്ല കാര്യങ്ങളിൽ അനുസരണം പുലർത്തും എന്ന് സമ്മതിക്കുന്നതോടൊപ്പം കുടുംബങ്ങളിലോ ഭൗതികമായ ഇതരബന്ധങ്ങളിലോ സേവകഭാവങ്ങളിലോ കാണപ്പെടാത്ത തരത്തിലുള്ള ഒരു സുദൃഢ സാഹോദര്യബന്ധം ഈ വിനീതനുമായി (ഹദ്റത്ത് അഹ്മദുമായി) പുലർത്തുന്നതും അത് മരണംവരെ നിലനിറുത്തിപ്പോരുന്നതുമാണ്. (ഇൻശാഅല്ലാഹ്)

Website Design & Online Marketing
Google SEO I Website Design I Social Media I Graphic Design
Call 0828 173 6451 Email: admin@dsignsworld.com
www.dsignsworld.com
DSIGNS WORLD

C.M HIDAYATHULLAH 9447029141, 9946631222
CITYLINK TRAVEL CORPORATION
Linking Destinations
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

# ഖുത്ബ ജുമുഅ

**ഇവിടെ വന്നിട്ടുള്ള ഓരോ മനുഷ്യനും ഒരു ദിവസം ഇവിടെനിന്ന് വിടപറയേണ്ടതാണ്. പക്ഷേ, ആർക്കാണോ അല്ലാഹു ദീനിനും മനുഷ്യനും സേവനം ചെയ്യാൻ തൗഫീഖ് പ്രദാനം ചെയ്യുന്നത് അവൻ സൗഭാഗ്യവാനാണ്.**

---

**ജമാഅത്തിന്റെ പരിചയസമ്പന്നനും മുബല്ലിഗുമായ ബശീർ അഹ്മദ് റഫീഖ് ഖാൻ സാഹിബിന്റേയും ഫള്‌ലെ ഉമർ ആശുപത്രിയിലെ ഗൈനക്കോളജി വകുപ്പിലെ ഡോക്ടർ നുസ്റത്ത് ജഹാൻ സാഹിബ ബിൻത് മൗലാനാ അബ്ദുൽമാലിക് ഖാൻ മർഹൂമിന്റേയും ദേഹവിയോഗവും പരേതാത്മക്കളെക്കുറിച്ചുള്ള അനുസ്മരണവും ഗാഇബ് ജനാസ നമസ്കാരവും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2016 ഒക്ടോബർ 21/1395 ഇഖാ 21**
**മസ്ജിദ് ബയ്അത്തുൽ ഇസ്‌ലാം ടൊറോൺഡോ (Toronto)കാനഡ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۔ اَلرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۔ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۔
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۔

കഴിഞ്ഞ ദിവസം വഫാത്തായ ജമാഅത്തിലെ രണ്ടു സേവകരെ കുറിച്ച് ഞാൻ പറയുന്നതാണ്. അവരിൽ ഒരാൾ ബശീർ അഹ്മദ് റഫീഖ് ഖാൻ സാഹിബാണ്. രണ്ടാമത്തേത് ഫള്‌ലെ ഉമർ ആശുപത്രിയിലെ ഗൈനക്കോളജി വകുപ്പിലെ ഡോക്ടർ നുസ്റത്ത് ജഹാനാണ്. ഇവിടെ വന്നിട്ടുള്ള ഓരോ മനുഷ്യനും ഒരു ദിവസം ഇവിടെനിന്ന് വിടപറയേണ്ടതാണ്. പക്ഷേ, ആർക്കാണോ അല്ലാഹു ദീനിനും മനുഷ്യകുലത്തിനും സേവനം ചെയ്യാൻ തൗഫീഖ് പ്രദാനം ചെയ്യുന്നത് അവൻ സൗഭാഗ്യവാനാണ്.

ബശീർ റഫീഖ് ഖാൻ സാഹിബ് ജമാഅത്തിന്റെ പഴയകാല മുബല്ലിഗായിരുന്നു. പിന്നീട് സംഘടനാപരമായ വിവിധ ജോലികളിലും ഇദ്ദേഹത്തെ നിയമിക്കുകയുണ്ടായി. വളരെ നല്ല നിലയിൽ തന്നിൽ അർപിതമായ നിർബന്ധ കടമകൾ ഇദ്ദേഹം നിറവേറ്റുകയുണ്ടായി. 2016 ഒക്ടോബർ 11 ന് ഏകദേശം 85-ാം വയസ്സിൽ ലണ്ടനിലാണ് ഇദ്ദേഹം അന്തരിച്ചത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹം പഞ്ചാബ് യൂണിവേഴ്സിറ്റിയിൽനിന്ന് ബി.എ ചെയ്തു. പിന്നീട് ശാഹിദ് ഡിഗ്രി ജാമിഅത്തുൽ മുബശ്ശിരീനിൽനിന്ന് 1958-ൽ കരസ്ഥമാക്കി. പഴയ അഹ്മദീ കുടുംബമാണിത്. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഫാത്വിമബീബി എന്നായിരുന്നു. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായ ഹദ്റത്ത് മൗലവി മുഹമ്മദ് ഇൽയാസ് ഖാൻ സാഹിബിന്റെ മൂത്ത മകളായിരുന്നു. ഇദ്ദേഹത്തിന്റെ പിതാവിന്റെ പേര് ദാനിശ്മൻദ് ഖാൻ എന്നായിരുന്നു. അദ്ദേഹം 1890 ന്നടുത്ത് ജനിച്ചു. സ്വപ്നങ്ങളും ദർശനങ്ങളുമുണ്ടാകുന്ന വ്യക്തിയായിരുന്നു. ബശീർ റഫീഖ് ഖാൻ സാഹിബ് ജന്മനാ അഹ്മദിയായിരുന്നു. ഇദ്ദേഹത്തിന്റെ പിതാവ് 1921-ൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. അതിനെ തുടർന്ന് ഗ്രാമവാസികൾ അദ്ദേഹത്തെ ബഹിഷ്കരിച്ചു. ഇദ്ദേഹത്തിന്റെ പിതാവിനെ സംബന്ധിച്ച് ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്)ഒരു കത്ത് ബശീർ ഖാൻ സാഹിബിന് എഴുതിയിരുന്നു. അതായത് താങ്കളുടെ കത്ത് എപ്പോഴും പുണ്യാത്മാവായ താങ്കളുടെ പിതാവിനെ ഓർമിപ്പിച്ചുകൊണ്ട് അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്യാൻ പ്രേരിപ്പിക്കുന്നുവെന്ന്! വാക്കിലും പ്രവൃത്തിയിലും വൈരുദ്ധ്യങ്ങളില്ലാത്ത ശുദ്ധമായ ആത്മാർഥതയുടേയും സത്യസന്ധതയുടേയും പ്രതിരൂപമായിരുന്നു. ഒരു അഹ്മദിയുടെ, ഒരു മുഅ്മിന്റെ പ്രത്യേകമായ തേജോവിലാസമാണിത്. എഴുതുന്നു: 'എനിക്ക് അദ്ദേഹത്തോടു അഗാധമായ ബന്ധമായിരുന്നു. ബന്ധമുണ്ട്. അതിന്റെ പ്രകടനം എപ്പോഴും ദുആയുടെ രൂപത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു.'

അല്ലാഹു ഇദ്ദേഹത്തെ കാരുണ്യത്തിൽ മുക്കുമാറാകട്ടെ. ഇദ്ദേഹത്തിന്റെ എല്ലാ മക്കളേയും ഇദ്ദേഹത്തിന്റെ യഥാർഥ അനന്തരാവകാശികളാക്കുമാറാകട്ടെ. ഇദ്ദേഹത്തിന്റെ വിവാഹം 1956-ൽ അബ്ദുർറഹ്മാൻ ഖാൻ സാഹിബിന്റെ മകൾ സുനീമ നായി സാഹിബയുമായി നടന്നു. ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഖാൻ അമീറുല്ലാഹ് ഖാൻ സാഹിബിന്റെ മകനായിരുന്നു. ഇദ്ദേഹത്തിന്റെ മക്കളിൽ മൂന്നു ആൺകുട്ടികളും മൂന്നു പെൺകുട്ടികളുമുണ്ട്. 1945-ൽ ഖാൻ സാഹിബ് ഖാദിയാനിലെ തഅ്ലീമുൽ ഇസ്‌ലാം ഹൈസ്കൂളിൽ ചേർന്നു. അന്ന് ഇദ്ദേഹത്തിന്റെ പ്രായം 14 വയസ്സായിരുന്നു. ആ ദിനങ്ങളിൽ ഒരു ഖുത്ബയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)അഹ്മദീ യുവാക്കളോടു ജീവിതം വഖ്ഫ് ചെയ്യാൻ ആഹ്വാനം ചെയ്തു. ഖുത്ബ അവസാനിച്ചതോടെ ധാരാളം യുവാക്കൾ തങ്ങളുടെ പേരു സമർപിച്ചു. ആ ഭാഗ്യവാന്മാരായ യുവാക്കളിൽ ഇദ്ദേഹവുമുണ്ടായിരുന്നു. അതിനുശേഷം അക്കാലത്ത് ഇതുപോലുള്ള ഏർപാടുകളൊന്നുമുണ്ടായിരുന്നില്ല. അങ്ങനെയിരിക്കെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ താങ്കളുടെ വഖ്ഫ് സ്വീകരിച്ചിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ടുള്ള വ്യക്തിപരമായ കത്ത് ഇദ്ദേഹത്തിനു ലഭിച്ചു. വിഭജനമുണ്ടാകാതിരുന്ന 1947 വരെ അദ്ദേഹം ഖാദിയാനിൽത്തന്നെ പഠിച്ചു. മെട്രിക് പാസായതിനുശേഷമോ വിഭജനത്തിന് കുറച്ചുകാലം മുമ്പേയോ ഇദ്ദേഹം തന്റെ നാട്ടിലേക്ക് പോയി. കോളേജിൽ പ്രവേശനം കിട്ടിയ ഉടനെ പെട്ടെന്നൊരുദിവസം ഇദ്ദേഹം പറയുന്നു എനിക്ക് പ്രൈവറ്റ് സെക്രട്ടറിയുടെ കത്ത് കിട്ടി. അതിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറഞ്ഞു: 'ഖാദിയാനിൽ ജീവിതം വഖ്ഫ് ചെയ്തിരുന്ന ഒരു പഠാൺ വിദ്യാർഥി ഉണ്ടായിരുന്നു. പക്ഷേ, അവന്റെ പേരറിയില്ല. വിഭജനം കാരണത്താൽ റബ്വയിൽ റെക്കോർഡുകൾ കളഞ്ഞുപോകുകയോ ഇല്ലാതാകുകയോ ആയിരിക്കുന്നു. 1945-ൽ പഠിച്ചിരുന്ന വിദ്യാർഥികളിൽ വഖ്ഫ് ചെയ്തിരുന്ന ആ കുട്ടി ആരായിരുന്നുവെന്ന് അന്വേഷിക്കുക. യാദൃച്ഛികമായി ഇദ്ദേഹത്തിന്റെ വീട്ടിൽ കത്ത് വന്നു. അതു ഞാൻ തന്നെയാണെന്നു പറഞ്ഞ് ഇദ്ദേഹം കത്തെഴുതി. അങ്ങനെ എത്രയും വേഗം റബ്വയിൽ ഹാജരാകാനും ലാഹോർ തഅ്ലീമുൽ ഇസ്‌ലാം കോളേജിൽ ചേരാനും ബി.എയ്ക്ക് പഠിക്കാനും ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ)കല്പന കൊടുത്തു. അക്കാലത്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) അവിടെത്തെ പ്രിൻസിപ്പാളായിരുന്നു. പറയുന്നു: '1953-ൽ പരീക്ഷയ്ക്കുള്ള തയ്യാറെടുപ്പിൽ മുഴുകിയിരിക്കുമ്പോൾ പെട്ടെന്ന് അഹ്മദിയ്യാ വിരുദ്ധ കലാപം പൊട്ടിപുറപ്പെട്ടു. അതേ അവസ്ഥയിൽ ഞങ്ങൾ പരീക്ഷയും കൊടുത്തു. ആ പരീക്ഷയുടെ ഫലം വന്നപ്പോൾ ഇദ്ദേഹം പറയുന്നു: എനിക്കു വളരെ വിഷമമുണ്ടായി. കാരണം ഞാൻ തോറ്റുപോയിരുന്നു. പക്ഷേ, പറയുന്നു: അതിനോടൊപ്പം എനിക്കു ഇങ്ങനെ ബുദ്ധിമുട്ടുമുണ്ടായി. ഞാൻ തോൽക്കണമായിരുന്നെങ്കിൽ അല്ലാഹു എന്നെ ഇതു പരീക്ഷയ്ക്കുവരുമെന്ന് പറഞ്ഞ് പരീക്ഷയ്ക്കു മുമ്പേ ചോദ്യപേപ്പറും കാണിച്ചിരുന്നു, അത് വരികയും ചെയ്തിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)ഉം വളരെ ശക്തമായി നീ പാസാകുമെന്ന് പറയുകയും ചെയ്തിരുന്നു. എന്നിട്ടും തോറ്റപ്പോൾ ചില ഘട്ടങ്ങളിൽ എന്റെ ഈമാൻ ഇക്കാര്യത്തിൽ ഇളകാനും തുടങ്ങി. പത്രങ്ങളിൽ ഫലപ്രഖ്യാപനമുണ്ടായി. ഞാൻ വളരെ വിഷമത്തോടെ ഇരിക്കുകയായിരുന്നു. എന്താണുണ്ടായതെന്ന് എന്റെ പിതാവ് ചോദിച്ചു. അപ്പോൾ ഞാൻ കാരണം പറഞ്ഞു. അപ്പോൾ പിതാവ് പറഞ്ഞു, 'സാരമില്ല, വീണ്ടും പരീക്ഷ നല്കണം. കാരണം കലഹങ്ങൾ കാരണം പഞ്ചാബിൽ പരീക്ഷയ്ക്ക് തയ്യാറെടുക്കാൻ കഴിഞ്ഞിട്ടുണ്ടാവില്ല. കുറച്ചുദിവസം കഴിഞ്ഞപ്പോൾ ഇദ്ദഹത്തിന്റെ പിതാവ് പറഞ്ഞു:'ഞാൻ നിനക്കുവേണ്ടി ദുആ ചെയ്യുമ്പോഴെല്ലാം ബശീർ അഹ്മദ് പാസായിക്കഴിഞ്ഞിരിക്കുന്നുവെന്ന അശരീരിയാണ് കേൾക്കാറുള്ളത്.' ഞാൻ കോളേജിലെ ഫലമെടുത്തു കാണിക്കുമ്പോൾ നിശബ്ദനാകും. പിന്നീട് കുറച്ചുദിവസം കഴിഞ്ഞപ്പോൾ 'നീ പാസായി കഴിഞ്ഞിരിക്കുന്നുവെന്ന അശരീരിയാണ് കേൾക്കുന്നത്' എന്ന് വീണ്ടും പറഞ്ഞു. പറയുന്നു, ഒരു ദിവസം യാദൃച്ഛികമായി പോസ്റ്റിൽ ധാരാളം കത്തുകൾ വന്നു. അതിൽ ഒരെണ്ണം യൂണിവേഴ്സിറ്റിയിൽനിന്ന് വന്നതായിരുന്നു. അതു തുറന്നപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. അബദ്ധത്തിൽ നീ തോൽപിക്കപ്പെട്ടതാണെന്നും ഇപ്പോൾ പരീക്ഷ പേപ്പറുകൾ പുനഃപരിശോധിച്ചപ്പോൾ നീ വിജയിച്ചിരിക്കുന്നുവെന്നും യൂണിവേഴ്സിറ്റിക്കാർ പറഞ്ഞു. ഇദ്ദേഹം പറയുന്നു, കുറച്ചു ദിവസത്തിനുശേഷം ഞാൻ ഖലീഫത്തുൽമസീഹ് ഥാനിയുടെ സന്നിധിയിൽ ഹാജരായി. ഹുദൂറിനോടു എല്ലാ സംഭവങ്ങളും പറഞ്ഞു. അപ്പോൾ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനി(റ)പറഞ്ഞു:'ദുആ ചെയ്തതിനുശേഷം നീ പാസായിരിക്കുന്നുവെന്ന വാർത്ത എനിക്കു നല്കപ്പെട്ടുവെന്ന് ഞാൻ നിന്നോടു പറഞ്ഞിരുന്നതാണ്. നീ പാസാകുമെന്ന വിവരം നിന്നെ അറിയിക്കുകയും ചെയ്തു. ഇപ്പോൾ ഈ റിസൽട്ട് വന്നതിൽനിന്ന് വ്യക്തമാകുന്നത് അല്ലാഹു പറഞ്ഞ കാര്യത്തെ ഇല്ലാതാക്കാൻ ആർക്കും കഴിയുകയില്ലെന്നാണ്. അല്ലാഹു തീരുമാനിച്ചതുകൊണ്ടാണല്ലോ പറഞ്ഞത്. ഖലീഫത്തുൽ മസീഹ് ഥാനിയോടും ഇദ്ദേഹത്തിന്റെ പിതാവിനോടും അല്ലാഹു പറഞ്ഞ റിസൽട്ടല്ലായിരുന്നെങ്കിൽ അതൊരു തമാശയാകുമായിരുന്നു. അവസാനം അല്ലാഹു പറഞ്ഞതുതന്നെ ശരിയാണെന്ന് സ്ഥാപിതമായി. ഇതിനുശേഷം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞു, ജാമിആയിൽ ചേരുക, ശാഹിദ് ഡിഗ്രി കരസ്ഥമാക്കുക. നിന്നെ തബ്‌ലീഗ് മൈതാനത്ത് അയക്കണമെന്നാണ് എന്റെ ആഗ്രഹം. പറയുന്നു,ജാമിആയിലെ ഞങ്ങളുടെ ക്ലാസ്സിന് പ്രത്യേക ബഹുമതിയും ഉണ്ടായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ (റ)യും കുറച്ചു പ്രാവശ്യം അവിടെ വരികയും വിവിധ അറിവുകളിൽ പ്രാവീണ്യം കരസ്ഥമാക്കുന്നതിന്റെ രീതികളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയും ചെയ്തിരുന്നു. എല്ലാ വിദ്യാർഥികൾക്കും ലൈബ്രറി ഉണ്ടായിരിക്കണമെന്നും പുസ്തകങ്ങൾ വാങ്ങുന്ന ശീലമുണ്ടാക്കണമെന്നും ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ) പ്രത്യേകം എടുത്തു പറയുകയുണ്ടായി.

ജാമിആയിലെ എല്ലാ വിദ്യർഥികളും എപ്പോഴും ഓർമവെക്കേണ്ട കാര്യമാണിത്. ഇപ്പോൾ ലോകത്ത് നിരവധി ജാമിഅകളുണ്ട്. വഖ്ഫെ സിന്ദഗിമാരുണ്ട്. അവർ അവരുടേതായ ലൈബ്രറികൾ ഉണ്ടാക്കേണ്ടതാണ്. കഴിഞ്ഞ ദിവസം ലണ്ടനിൽ മുറബ്ബിമാരുടെ മീറ്റിംഗുണ്ടായിരുന്നു. അവിടേയും മുറബ്ബിമാർക്ക് അവരുടെ സ്വന്തം ലൈബ്രറി ഉണ്ടായിരിക്കണമെന്ന് ഞാൻ അവരോടു പറഞ്ഞിരുന്നു. ജമാഅത്തിന്റെ ലൈബ്രറിയെ മാത്രം ആശ്രയിക്കരുത്.

ബശീർ അഹ്മദ് റഫീഖ് ഖാൻ സാഹിബ് പറയുന്നു: 'ജാമിഅത്തുൽ മുബശ്ശിരീൻ ദർസ് ഗാഹിൽനിന്ന് ശാഹിദ് ഡിഗ്രി വാങ്ങി ഞാൻ വക്കാലത്തെ തബ്ശീറിൽ ഹാജരായി. മിർസാ മുബാറക്ക് അഹ്മദ് സാഹിബ് വക്കീലുത്തബ്ശീറായിരുന്നു. എന്നെ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ)യുടെ അടുക്കൽ കൊണ്ടുപോയി. ഇവനെ ലണ്ടനിലേക്ക് അയക്കുക എന്ന് അവിടന്ന് പറഞ്ഞു.' വീണ്ടും പറയുന്നു, 'വക്കീലുത്തബ്ശീർ തന്നെയാണ് എന്നെ ഇംഗ്ലണ്ടിലേക്ക് കൂട്ടിക്കൊണ്ടു പോയത്. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനിയുമായി കൂടിക്കാഴ്ച നടന്നു. വിശദമായ നിർദേശങ്ങൾ എഴുതിച്ചു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനി ദുആകൾ ചെയ്തു. ആശ്ലേഷിച്ചു. യാത്രയാക്കി.'

1959–ലാണ് ഇംഗ്ലണ്ടിൽ ഇദ്ദേഹത്തിന്റെ നിയമനമുണ്ടായത്. അവിടെ എത്തുകയും മസ്ജിദ് ഫള്ൽ ലണ്ടനിൽ നായിബ് ഇമാം എന്ന നിലയിൽ സേവനങ്ങളുടെ പരമ്പര ആരംഭിക്കുകയും ചെയ്തു. ബശീർ അഹ്മദ് റഫീഖ് സാഹിബ് പറയുന്നു:'1959–ൽ ലണ്ടനിലേക്ക് പുറപ്പെട്ടപ്പോൾ ഒരു ദിവസം മൗലാനാ ജലാലുദ്ദീൻ സാഹിബ് ശംസിന്റെ സന്നിധിയിൽ ഹാജരായി. കുറച്ച് ഉപദേശങ്ങൾ നല്കാൻ അദ്ദേഹത്തോടു അപേക്ഷിച്ചു. മൗലാനാ ജലാലുദ്ദീൻ സാഹിബ് ശംസും ദീർഘകാലം മസ്ജിദ് ഫള്ൽ ലണ്ടനിലെ ഇമാമായിരുന്നു. അദ്ദേഹം വിവിധ കാര്യങ്ങൾ ഉപദേശിച്ചു. ശംസ് സാഹിബ് പറഞ്ഞു: 'ഞാൻ സിറിയ ദേശത്ത് മുബല്ലിഗായിരുന്നു. ഞാൻ മുഖേന ഒരു സമ്പന്ന കുടുംബത്തിൽപ്പെട്ട ഒരാൾ ജനാബ് മുനീറുൽ ഹുസ്നീ സാഹിബ് അഹ്മദിയ്യത്ത് സ്വീകരിച്ചു. പഴയകാല അഹ്മദിയായിരുന്നു. വളരെ ആത്മാർഥനായ അഹ്മദിയായിരുന്നു. അദ്ദേഹത്തിനു ശേഷമാണ് സിറിയയിൽ അഹ്മദിയ്യത്ത് വ്യാപിച്ചത്.' ബശീർ അഹ്മദ് റഫീഖ് സാഹിബ് പറയുന്നു: 'അതിനു ശേഷം നിത്യേന അദ്ദേഹത്തിന്റെ ദീനീ സേവനത്തിന്റെ വികാരങ്ങളും ആവേശവും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. മുനീറുൽ ഹുസ്നീ സാഹിബ് നിത്യവും അസ്റിനു ശേഷം മിഷൻ ഹൗസിൽ വരുമായിരുന്നു. സിറിയയിൽ അക്കാലത്ത് മിഷൻഹൗസുകളാണ് ഉണ്ടായിരുന്നത്. നിയന്ത്രണങ്ങളൊന്നുമുണ്ടായിരുന്നില്ല. വലിയ താൽപര്യത്തോടെ ശംസു സാഹിബ് പറഞ്ഞു:'എനിക്കുവേണ്ടി അദ്ദേഹം ഭക്ഷണം പാകം ചെയ്യുമായിരുന്നു. അതിനു നിർബന്ധം പിടിക്കുമായിരുന്നു. പിന്നീട് വൈകുന്നേരം ആ ഭക്ഷണം ഞങ്ങൾ രണ്ടുപേരുംകൂടി കഴിക്കുമായിരുന്നു. ഒരു ദിവസം ഞങ്ങൾ ഭക്ഷണത്തിന്നായി ഇരുന്നപ്പോൾ ഞാൻ മുനീറുൽ ഹുസ്നീ സാഹിബിനോടു പറഞ്ഞു: 'ഇന്ന് ഭക്ഷണത്തിൽ ഉപ്പ് അധികമാണ്. ഇനി ഇത് ശ്രദ്ധിക്കണം.' മുനീറുൽ ഹുസ്നീ സാഹിബ് കുറച്ചുനേരം നിശബ്ദനായിരുന്നു. പിന്നീടു പറഞ്ഞു: 'മൗലാനാ സാഹിബേ! എന്റെ വീട്ടിൽ സേവനത്തിന് ധാരാളം സേവകരുള്ളത് താങ്കൾക്കറിയുന്നതാണ്.' വലിയ സമ്പന്നനായിരുന്നു. പറയുന്നു: 'എത്രത്തോളമെന്നാൽ വൈകുന്നേരം ഞാൻ വീട്ടിലെത്തിയാൽ ബൂട്ടിന്റെ ലൈസും എന്റെ ജോലിക്കാരൻ വന്നിട്ടാണ് അഴിക്കുന്നത്. വീട്ടിൽ ഞാൻ ഇന്നുവരെ ഒരു ക്ലാസ്സു ചായപോലും ഉണ്ടാക്കിയിട്ടില്ല. ഞാൻ ഇവിടെ വന്ന് അങ്ങയ്ക്ക് ഭക്ഷണമുണ്ടാക്കുന്നത് അല്ലാഹുവിന്റെ തൃപ്തിയ്ക്കുവേണ്ടി മാത്രമാണ്. ഇല്ലെങ്കിൽ ഞാനെവിടെ; കറി പാകം ചെയ്യൽ എവിടെ? അതുകൊണ്ട് എന്നിൽനിന്ന് മസാല കൂടുതലോ കുറവോ ആയിപ്പോയാൽ മാപ്പു ചെയ്യുക. ഭക്ഷണം പാകം ചെയ്യലല്ല എന്റെ ജോലി.' ഈ സംഭവം കേൾപ്പിച്ചിട്ട് ശംസ് സാഹിബ് പറഞ്ഞു: ഈ സംഭവത്തിൽനിന്ന് ഞാൻ പഠിച്ച പാഠം നമുക്കുവേണ്ടി ചെയ്യുന്ന സേവനം, മുബല്ലിഗുമാർക്കു വേണ്ടി ആളുകൾ ചെയ്യുന്ന സേവനം സന്തോഷത്തോടുകൂടിയാണ് ചെയ്യുന്നത്. അതു ഒരിക്കലും നമ്മുടെ വ്യക്തിത്വം കാരണത്താലല്ല ചെയ്യുന്നത്. മറിച്ച് അല്ലാഹുവിന്റെ പ്രീതിയും അഹ്മദിയ്യാ ജമാഅത്തിനോടുള്ള സ്നേഹത്തിലുമാണ് ചെയ്യുന്നത്. അതുകൊണ്ട് നമ്മൾ ഇക്കാര്യം എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. നമുക്കുവേണ്ടി എത്രകണ്ട് സേവനം ചെയ്യുന്നുണ്ടോ ഇത് ചെയ്യുന്ന ആളിന്റെ നമ്മുടെമേലുള്ള ഔദാര്യമാണ്. അവരിൽനിന്ന് വീഴ്ചയുണ്ടായാൽ അവരെ ചോദ്യം ചെയ്യാനോ വഴക്കു പറയാനോ നമുക്ക് ഒരവകാശവുമില്ല. എന്തായാലും അത്ഭുതകരമായ കൂറുകൊണ്ട് നിർഭരരും ആത്മാർഥരുമായ ആളുകളെയാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് പ്രദാനം ചെയ്തത്. തുടക്കുമുതൽ ഇന്നുവരെ നല്കിക്കൊണ്ടിരിക്കുന്നത്.'

പറയുന്നു:1964–ൽ ലണ്ടൻ മസ്ജിദിന്റെ ഇമാമായ ചൗദരീ റഹ്മത്ത് ഖാൻ സാഹിബ് അസുഖം കാരണം മടങ്ങിപ്പോയി. അപ്പോൾ ഇദ്ദേഹത്തെ മസ്ജിദ് ഫള്ലിന്റെ ഇമാമായി നിയമിച്ചു. 1960–ൽ ബശീർ റഫീഖ് സാഹിബ് ഇംഗ്ലീഷു മാസികയായ മുസ്ലിം ഹെറോൾഡും പ്രസിദ്ധീകരിച്ചു തുടങ്ങി. ആദ്യം ഇത് 10 പേജ് അടങ്ങുന്നതായിരുന്നു. ഇദ്ദേഹം തന്നെയായിരുന്നു പത്രാധിപരും. മറ്റു ജോലികളും സ്വയംതന്നെയാണ് ചെയ്തിരുന്നത്. 1962–ൽ ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബിന്റെ ആഹ്വാനത്തിൽ 'അഖ്ബാറെ അഹ്മദിയ്യാ'എന്ന പേരിൽ ദ്വൈവാരിക പ്രസിദ്ധീകരിച്ചു തുടങ്ങി. ഇദ്ദേഹം പറയുന്നു: 'ഈ പത്രത്തിന്റെ സ്ഥാപകനും ഞാൻ തന്നെയായിരുന്നു. ഒരു ദീർഘകാലംവരെ പത്രാധിപരായി പ്രവർത്തിക്കാനും ഭാഗ്യം കിട്ടിക്കൊണ്ടിരുന്നു. കൃത്യമായി അതിലേക്ക് ലേഖനങ്ങൾ എഴുതാനും തൗഫീഖ് കിട്ടി.' വലിയ അറിവുള്ളയാളായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടങ്ങിയ മാസികയായ റിവ്യൂ ഓഫ് റിലീജ്യൺസിന്റെ പത്രാധിപത്യത്തിനും ഇദ്ദേഹത്തിന് ഭാഗ്യം ലഭിച്ചിരുന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്(റഹ്) 1967 മുതൽ തന്റെ ഖിലാഫത്ത് കാലത്ത് യൂറോപ്പിൽ എട്ട് പര്യടനങ്ങൾ നടത്തിയിരുന്നു. അവയിൽ ഏഴ് പര്യടനങ്ങളിൽ മൗലാനാ ബശീർ റഫീഖ് സാഹിബ് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥിന്റെ ഖാഫിലയിൽ ഉണ്ടായിരുന്നു. രണ്ടു പ്രാവശ്യം പ്രൈവറ്റ് സെക്രട്ടറി എന്ന നിലയിലും പങ്കെടുക്കാൻ തൗഫീഖ് കിട്ടി.1970–ൽ മടങ്ങി പാക്കിസ്താനിലെത്തി. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥിന്റെ പ്രൈവറ്റ് സെക്രട്ടറി എന്ന നിലയിൽ നിയമിതനായി. 1971–ൽ വീണ്ടും ലണ്ടനിലെത്തി. ഇമാം എന്ന നിലയിൽ തന്റെ മുൻകാല ഉത്തരവാദിത്തങ്ങൾ വീണ്ടും കയ്യാളി. 1976–ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ കൂടെ ആ മഹാത്മാവിന്റെ പ്രൈവറ്റ് സെക്രട്ടറി എന്ന നിലയിൽ അമേരിക്കയിലേയും കാനഡയിലേയും പര്യടനങ്ങളിൽ പോകാനും ഇദ്ദേഹത്തിന് ഭാഗ്യം കിട്ടി. 1978–ൽ ലണ്ടനിൽ നടന്ന അന്താരാഷ്ട്ര കുരിശ് വിമോചന സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് വന്നിരുന്നു. അതിന്റെ ഒരുക്കങ്ങൾ പൂർത്തിയാക്കുന്നതിന് ബ്രിട്ടണിലെ സ്നേഹിതന്മാരും മജ്ലിസെ ആമില അംഗങ്ങളും സമ്മേളന കമ്മിറ്റിയും രാവും പകലും ഒന്നാക്കി പ്രവർത്തിക്കുകയും ടീം വർക്കിന്റെ ഉന്നതമായ മാതൃക കാണിക്കുകയും ചെയ്തു.........1964മുതൽ 1970 വരേയും 1971 മുതൽ 1979 വരേയും മസ്ജിദ് ലണ്ടന്റെ ഇമാമായിരുന്നു. മുസ്ലിം ഹെറാൾഡ് മാഗസീന്റെ സ്ഥാപക പത്രാധിപർ 61–79, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ പ്രൈവറ്റ് സെക്രട്ടറി 70–71. വീണ്ടും 85 നവംബറിൽ ഇദ്ദേഹം വക്കീലുദ്ദീവാൻ തഹ്രീക്കെ ജദീദായി നിയമിതനായി. ഇത് 87 വരെ തുടർന്നു. വക്കീലുത്തസ്നീഫ് റബ്വ 82–85, അഡീഷണൽ വക്കീലുത്തബ്ശീർ റബ്വ 83–84, അഡീഷണൽ വക്കീലുത്തസ്നീഫ ലണ്ടൻ 1987 –1997, റിവ്യൂ ഓഫ് റിലീജ്യൺസിന്റെ പത്രാധിപർ 1983 –1985, ചെയർമാൻ ബോർഡ് ഓഫ് എഡിറ്റേഴ്സ് റിവ്യൂ ഓഫ് റിലീജ്യൺസ് 1988–1995, മെമ്പർ സദ്ർ അഞ്ചുമൻ അഹ്മദിയ്യാ പാക്കിസ്താൻ 1971–1985, മെമ്പർ ഇഫ്താ കമ്മിറ്റി 1971–1973, മെമ്പർ ബോർഡ് ഖളാ 1984–1987, ഇപ്രകാരംതന്നെ ചില് ഭൗതികമായ പോസ്റ്റുകളിലും ജോലി ചെയ്യാൻ ഇദ്ദേഹത്തിന് തൗഫീഖ് കിട്ടി. റോട്ടറി ക്ലബ്ബിന്റെ വൈസ് പ്രസിഡന്റായിരുന്നു. അതിനുശേഷം റോട്ടറി ക്ലബ്ബിന്റെ പ്രസിഡന്റായും നിയമിതനായി. 1968–ൽ ലൈബീരിയാ(Republic of Liberia)യുടെ പ്രസിഡന്റ് ജനാബ് ടിബ്മേന്റെ ക്ഷണമനുസരിച്ച് മുഖ്യാതിഥിയായി പങ്കെടുക്കുകയും ലൈബീരിയായുടെ ബഹുമതിയായ ചീഫായി നിയമിക്കപ്പെടുകയും ചെയ്തു.

ഇദ്ദേഹത്തിന്റെ മകൻ എഴുതുന്നു:'മുടങ്ങാതെ തഹജ്ജുദ് നമസ്കരിക്കുകയും കണിശതയോടെ ദുആ ചെയ്യുകയും ചെയ്തിരുന്നു. എത്രത്തോളമെന്നാൽ ആരുടെയെങ്കിലും പേരു വിട്ടു പോകാതിരിക്കാൻ എഴുതി വെക്കുമായിരുന്നു. ധാരാളമായി സ്വലാത്തു ചൊല്ലുമായിരുന്നു. ചന്ദകളുടെ പ്രാധാന്യം ഞങ്ങൾക്ക് വ്യക്തമാക്കിത്തന്നു.' ഇദ്ദേഹത്തിന്റെ സഹോദരൻ കർണൽ നദീർ എഴുതുന്നു: 'ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ വിളിച്ചപ്പോൾ ഇദ്ദേഹം ലോകോളേജിൽ പ്രവേശനം നേടിയിരുന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനിയുടെ കത്തു വന്നപ്പോൾ അത് തന്റെ പിതാവിനും ഇദ്ദേഹം അയച്ചുകൊടുത്തു. ഇദ്ദേഹം എഴുതിയത് ഞാൻ വക്കാലത്ത് പാസ്സായി ജമാഅത്തിന് കൂടുതൽ സേവനം ചെയ്യുമെന്നായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി മറുപടിയിൽ എഴുതിയത് നമുക്കു വേണ്ടത് ദീനീ വക്കീലിനെയാണ് ഭൗതിക വക്കീലിനെ അല്ല എന്നായിരുന്നു. ആരാണോ ആദരവും സമ്പത്തും പ്രശസ്തിയും ലോകത്തു കാണാനാഗ്രഹിക്കുന്നത് അല്ലാഹു അതെല്ലാം അവന് വഖ്ഫിന്റെ അനുഗ്രഹത്താൽ നല്കുന്നതായിരിക്കും. പിതാവ് ഈ കത്ത് സഹോദരന് നല്കിയപ്പോൾ കത്തു വായിച്ച് ഒന്നും ചോദിക്കാതെ തന്റെ സാധനങ്ങളെടുക്കുകയും റബ്വയിലേക്ക് പോകുകയും ചെയ്തു.' പിന്നീട് അല്ലാഹു എങ്ങനെയാണ് ആ വാക്കുകൾ പൂർത്തിയാക്കിയതെന്ന് നോക്കുക. വക്കീലാകുകയായിരുന്നെങ്കിൽ ഭൗതിക വക്കീലാകുമായിരുന്നു. എന്നാൽ, ഇദ്ദേഹത്തിന് ഭൗതികമായ ബഹുമതികളും ലഭിച്ചു. ദീനിന് സേവനം ചെയ്യാനുള്ള അവസരങ്ങളും കിട്ടി. ഇദ്ദേഹത്തിന്റെ സഹോദരൻ എഴുതുന്നു: 'ഖലീഫ ഥാനി എഴുതിയിരുന്നതെല്ലാം അതായത് വഖ്ഫിന്റെ അനുഗ്രഹംകൊണ്ട് സ്ഥാനവും കിട്ടി. ആദരവും കിട്ടി. പ്രശസ്തിയും കിട്ടി. എല്ലാം കിട്ടി.' അല്ലാഹുവിന്റെ കൃപയാൽ പൂർണമായ ജീവിതമാണ് ഇദ്ദേഹം നയിച്ചത്. ഖിലാഫത്തിനോടും ഇദ്ദേഹത്തിന് വലിയ കൂറോടുകൂടിയ ബന്ധമായിരുന്നു. ഹൃദയത്തിന് വളരെ ബുദ്ധിമുട്ടുണ്ടായിരുന്നു. ഹൃദയശസ്ത്രക്രിയയും നടന്നിരുന്നു. ഒരു നേരത്ത് തികച്ചും പ്രതീക്ഷതന്നെ നഷ്ടപ്പെട്ടിരുന്നു. പിന്നീട് അല്ലാഹു പുതിയ ജീവിതം നല്കി. ആ രോഗം കാരണത്താൽ ഇദ്ദേഹത്തിന് ക്ഷീണവും നല്ലവണ്ണമുണ്ടായിരുന്നു. പക്ഷേ, ഇദ്ദേഹം മുടങ്ങാതെ എനിക്ക് കത്തെഴുതിക്കൊണ്ടിരുന്നു. കൂറും ആത്മാർഥതയും പ്രകടിപ്പിച്ചിരുന്നു. പക്ഷേ, എവിടെയെങ്കിലും ഞാൻ ഏതെങ്കിലും ഫംഗ്ഷനിൽ പങ്കെടുക്കുന്നുവെന്നറിഞ്ഞാൽ നിർബന്ധമായും അവിടെ വന്നിരുന്നു. ക്ഷീണമുണ്ടെങ്കിലും വാക്കർ മുഖേനയോ മറ്റേതെങ്കിലും രീതിയിലോ ജുമുഅകളിൽ നിർബന്ധമായും പങ്കെടുക്കാറുണ്ടായിരുന്നത് ഞാൻ കണ്ടിരുന്നു. അല്ലാഹു ഇദ്ദേഹത്തോടു മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. ഇദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. ഇദ്ദേഹത്തിന്റെ മക്കൾക്കും ആത്മാർഥതയോടും കൂറോടുംകൂടി ജമാഅത്തുമായി ബന്ധം വെക്കാനും ഇദ്ദേഹത്തിന്റെ കാലടികളിലൂടെ നടക്കാനും തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.

രണ്ടാമത്തെ അനുസ്മരണം ഞാൻ പറഞ്ഞതുപോലെ ഡോക്ടർ നുസ്റത്ത് ജഹാൻ മാലിക് സാഹിബയുടേതാണ്. അവർ ഹദ്റത്ത് മൗലാനാ അബ്ദുൽ മാലിക് ഖാൻ സാഹിബിന്റെ മകളായിരുന്നു. 2016 ഒക്ടോബർ 11 ന് ലണ്ടനിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. റബ്വയിലാണുണ്ടായിരുന്നത്. പക്ഷേ, ബ്രിട്ടീഷ് പൗരത്വമായിരുന്നു. എല്ലാ വർഷവും വരാറുണ്ടായിരുന്നു. തന്റെ ജോലിയുടെ കഴിവ് വർധിപ്പിക്കുന്നതിന് വിവിധ ആശുപത്രികളിൽ പോകാറുണ്ടായിരുന്നു. കുറച്ചു രോഗമുണ്ടായിരുന്നു. കുറച്ചുകാലമായി ചികിത്സയിലായിരുന്നു. അതുകൊണ്ട് ഇവിടെയായിരുന്നു. യു.കെ.ജൽസയ്ക്കുശേഷം പെട്ടെന്ന് ഇൻഫെഗ്ഷനുണ്ടായി. ചെസ്റ്റ് ഇൻഫെഗ്ഷനായിരുന്നു. അതു കൂടിക്കൊണ്ടിരുന്നു. പിന്നീട് ശ്വാസകോശം പ്രവർത്തി


## ഇർശാദുന്നബ്വി(സ)

"സ്വർഗം ഓരോരുത്തരോടും ചെരുപ്പിന്റെ വാറിനെക്കാൾ കൂടുതൽ അടുത്തിരിക്കുന്നു; അപ്രകാരംതന്നെ നരകവും."

(ബുഖാരി)

**ത്വാലിബെ ദുആ:**

**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## ഇർശാദുന്നബ്വി(സ)

"നരകം ദേഹേച്ഛകൊണ്ടും സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും തടുക്കപ്പെട്ടിരിക്കുന്നു."

(ബുഖാരി)

**ത്വാലിബെ ദുആ:**

**പി.യൂസുഫ് & കുടുംബാംഗങ്ങൾ**

**മാത്തോട്ടം**

## ഇർശാദുന്നബ്വി(സ)

അല്ലാഹു പറയുന്നു:"എന്റെ അടിമകളേ! ഞാൻ ആരേയും ആക്രമിക്കുകയില്ല. നിങ്ങളും ആരേയും ആക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്."

(മുസ്ലിം)

**ത്വാലിബെ ദുആ:**

**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

ക്കാതെയായി. പക്ഷേ, അല്ലാഹു ഫള്ൽ ചെയ്തു. ഒരളവോളം റിക്കവറി ഉണ്ടായിരുന്നു. ഡോക്ടർക്ക് കുറച്ച് പ്രതീക്ഷയുമുണ്ടായിരുന്നു. പക്ഷേ, വീണ്ടും ഇൻഫെഗ്ഷന്റെ ആക്രമണമുണ്ടാകുകയാണെങ്കിൽ രക്ഷപ്പെടുക പ്രയാസമാണെന്ന ആശങ്കയും ഉണ്ടായിരുന്നു. പക്ഷേ, അല്ലാഹുവിന്റെ വിധിയെന്നു പറയട്ടെ, ആ രോഗത്തിനുശേഷം ഒരു ദിവസം പെട്ടെന്ന് ആക്രമണമുണ്ടായി. കുറച്ചു മണിക്കൂറുകൾക്കുള്ളിൽ മരണം സംഭവിക്കുകയും ചെയ്തു.

ഡോക്ടർ നുസ്റത്ത് ജഹാൻ സാഹിബ 1951 ഒക്ടോബർ 15 ന് കറാച്ചിയിൽ ജനിച്ചു. അവരുടെ പിതാവ് മൗ ലാനാ അബ്ദുൽമാലിക് ഖാൻ സാഹിബും ജമാഅത്തിന്റെ പഴയകാല സേവകനായിരുന്നു. ഹദ്റത്ത് ഖാൻ ദുൽഫിഖാർ അലി ഖാൻ സാഹിബിന്റെ മകനായിരുന്നു. അദ്ദേഹത്തിന്റെ ജന്മസ്ഥലം യു.പി.യിൽ ബജനൂർ ജില്ലയിലെ നജീബാബാദ് ആയിരുന്നു. അദ്ദേഹം അതായത് ഡോക്ടർ നുസ്റത്ത് ജഹാ സാഹിബയുടെ പിതാമഹൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് 1900–ൽ കത്തുമുഖേന ബയ്അത്തു ചെയ്തു. പിന്നീട് 1903–ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ ഹാജരായി കൂടിക്കാഴ്ചയ്ക്കുള്ള സൗഭാഗ്യം പ്രാപിച്ചു. ഹദ്റത്ത് ഖാൻ ദുൽഫിഖാർ അലി ഖാൻ സാഹിബ്, തന്റെ മകനായ മൗലാനാ അബ്ദുൽമാലിക് ഖാൻ സാഹിബിനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹമനുസരിച്ച് ചെറുപ്പത്തിൽത്തന്നെ ദീനീ സേവനത്തിന് വഖ്ഫ് ചെയ്തിരുന്നു; അദ്ദേഹത്തിന്റെ ജനനം പിന്നീടാണെങ്കിൽത്തന്നെയും. 1911 ലാണ് അദ്ദേഹം ജനിച്ചത്. മൗലാനാ മദ്രസയിൽ ചേർന്നതിനുശേഷം പഞ്ചാബ് യൂണിവേഴ്സിറ്റിയിൽനിന്ന് 1932–ൽ മൗലവി ഫാളിൽ പാസായി. അതിനുശേഷം അദ്ദേഹത്തിന് വളരെ നല്ലൊരു ജോലി കിട്ടി. പക്ഷേ, മൗലവി അബ്ദുൽമാലിക് ഖാൻ സാഹിബിന്റെ പിതാവ് 'നിന്നെ ദുൻയാവ് സമ്പാദിക്കുന്നതിനുവേണ്ടി ഞാൻ പഠിപ്പിച്ചിട്ടില്ല' എന്ന് അദ്ദേഹത്തെന്നെഴുതി. ആരെങ്കിലും ഒരാൾ ദീനും സമ്പാദിക്കേണ്ടതാണ്. ഈ കത്തുകിട്ടിയ ഉടനെ മൗലാനാ അബ്ദുൽമാലിക് ഖാൻ സാഹിബ് രാജിവെക്കുകയും ഖാദിയാൻ മടങ്ങിയെത്തി മുബല്ലിഗുമാരുടെ ക്ലാസ്സിൽ വന്ന് ചേരുകയും ചെയ്തു. ഇതേ ആത്മാർഥതയുടേയും കൂറിന്റേയും വികാരമായിരുന്നു ഡോക്ടർ നുസ്റത്ത് ജഹാനിലും. ആദ്യം അവർ പാക്കിസ്താനിൽനിന്ന് എം.ബി.ബി.എസ്സ് പാസ്സായി. പിന്നീട് യു.കെ. യിൽനിന്ന് സ്പെഷ്യലൈസ് ചെയ്തു. എവിടെ അവർ പോകുകയാണെങ്കിലും ലക്ഷക്കണക്കിന് രൂപ നിത്യേന അവർക്ക് സമ്പാദിക്കാൻ കഴിയുമായിരുന്നു. പക്ഷേ, ദീനിന്റെ സേവനത്തിന്, മനുഷ്യകുലത്തിന്റെ സേവനത്തിന് ചെറിയ നഗരമായ റബ്വയിൽ വന്ന് താമസിച്ചു. അക്കാലത്ത് ആശുപത്രിയുടെ ആവശ്യവുമുണ്ടായിരുന്നു. അത് പൂർത്തിയാക്കി. പിന്നീട് ജീവിതം മുഴുവൻ അങ്ങേയറ്റത്തെ നിലവാരത്തിലെത്തിയ സേവനമാണ് നിസ്വാർഥതയോടെ അവർ ചെയ്തത്. അവരെ കുറിച്ച് ധാരാളമാളുകൾ തങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് എനിക്കെഴുതിയിട്ടുണ്ട്. എല്ലാം വിവരിക്കുക എന്നത് പ്രയാസമാണ്. ചിലത് ഞാൻ തുടർന്ന് വിവരിക്കുന്നതാണ്. അവർക്ക് ഒരേയൊരു മകളാണുള്ളത്. ആയിശ നസ്ഹത്ത്. അവരിപ്പോൾ തന്റെ ഭർത്താവിനോ ടൊപ്പം യു.കെ.യിലാണ് താമസിക്കുന്നത്. അവർക്ക് മൂന്നു കുട്ടികളുണ്ട്. ഞാൻ പറഞ്ഞതുപോലെ ഡോക്ടർ സാഹിബ പാക്കിസ്താനിലെ ഫാതിമ ജിന്നാ മെഡിക്കൽ കോളേജിൽനിന്ന് M.B.B.S പാസായി. അതിനുശേഷം ഇംഗ്ലണ്ടിൽനിന്ന് R.C.O.G അതായത് Gynec Specilist കോഴ്സ് ചെയ്തു. Royal College of Obstetricians and Gynaecologists. 1985–ൽ ഫള്ലെ ഉമർ ഹോസ്പിറ്റലിൽ തന്റെ സേവനങ്ങൾ തുടങ്ങി.1985 ഏപ്രിൽ 20 മുതൽ ഇതുവരെ ഈ സേവനം നല്കിക്കൊണ്ടിരുന്നു. ഞാൻ പറഞ്ഞതുപോലെ ഡോക്ടർ സാഹിബായ്ക്ക് കരൾരോഗമായിരുന്നു. തന്റെ ചികിത്സാർഥം അവധിയെടുത്ത് ഏപ്രിൽ 5 നാണ് ഇവിടെ വന്നത്. ലണ്ടനിൽ ചികിത്സ നടന്നു വരികയായിരുന്നു. ചികിത്സ അല്ലാഹുവിന്റെ കൃപയാൽ വജയിക്കുകയും ചെയ്തിരുന്നു. പിന്നീട് അവർക്ക് ചെസ്റ്റ് ഇൻഫെക്ഷനുണ്ടായി. ജൽസയ്ക്കുശേഷം അതിൽനിന്നും ഒരു മടക്കംപോലെ തോന്നിയിരുന്നു. പക്ഷേ, പിന്നീട് പെട്ടെന്ന് ആഘാതമുണ്ടാകുകയും വഫാത്ത് സംഭവിക്കുകയുമായിരുന്നു.

അവരുടെ ജാമാതാവ് മഖ്ബൂൽ മുബശ്ശിർ സാഹിബ് പറയുന്നു:'അല്ലാഹുവിൽ അപാരമായ തവക്കുലായിരുന്നു. ആരാധനയോട് അതിയായ താൽപര്യമായിരുന്നു. വിശുദ്ധ ഖുർആനോട് അങ്ങേയറ്റത്തെ സ്നേഹമായിരുന്നു. ഖിലാഫത്തിനോടു അഗാധമായ ബന്ധമായിരുന്നു. പൂർണമായും വിശാല ഹൃദയത്തോടെ ഖിലാഫത്തിനെ അനുസരിക്കൽ, സൃഷ്ടിസേവനം, രോഗികളുടെ ശിഫായും സുഖവും അവരുടെ പ്രഥമ മുൻഗണനയായിരുന്നു.' ഈ വിവരിക്കപ്പെടുന്ന കാര്യങ്ങൾക്ക് ഞാൻ തന്നെയും സാക്ഷിയാണ്. ഇതിലൊരു അതിശയോക്തിയുമില്ല. മറിച്ച് യഥാർഥത്തിൽ ഇക്കാര്യങ്ങൾ അവരിലുണ്ടായിരുന്നു. പറയുന്നു: 'ഓരോ സർജറിക്കുമുമ്പേയും ചികിത്സിക്കുന്നതിനുമുമ്പേയും ദുആ ചെയ്യുമായിരുന്നു. നിത്യവും സ്വദഖ കൊടുക്കുമായിരുന്നു. റബ്വയിൽ വസിക്കുന്ന പുണ്യാത്മാക്കളോടു തന്റെ രോഗികളുടെ ശിഫായ്ക്കുവേണ്ടി ദുആ ചെയ്യാൻ പറയുമായിരുന്നു. ഒരുപാട് ദരിദ്രരായ രോഗികളെ തന്റെ പോക്കറ്റിൽനിന്ന് അല്ലെങ്കിൽ തന്റെ അടുത്ത സ്നേഹിതരുടെ ചെലവിൽ ചികിത്സിപ്പിക്കുമായിരുന്നു. ജമാഅത്തിന്റെ പൈസയുടേയും ഒരുപാട് വേദന ഉൾക്കൊണ്ടിരുന്നു. എപ്പോഴും ഏറ്റവും കുറച്ചു ചെലവഴിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. ജമാഅത്തിന്റെ ഒരു പൈസപോലും പാഴായിപ്പോകാൻ പാടില്ല.' ഇദ്ദേഹം പറയുന്നു: 'ഞാൻ ലാഹോറിൽ സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുകയായിരുന്നു. അപ്പോൾ താങ്കൾ ഏതു കമ്പനിയിൽനിന്ന് എന്തു വിലക്കാണ് ഇന്ന മരുന്ന് വാങ്ങിയതെന്ന് എന്നോടു ചോദിക്കുമായിരുന്നു. പിന്നീട് അത് ഉചിതമാണെന്നു തോന്നിയാൽ അതേ സാധനം ഫള്ലെ ഉമർ ആശുപത്രിക്കുവേണ്ടി ആ കമ്പനിയിൽനിന്ന് കുറഞ്ഞ വിലക്കു വാങ്ങിപ്പിക്കുമായിരുന്നു. മാതാപിതാക്കളെ സ്നേഹിക്കുകയും അവരെ ഒരുപാട് സേവിക്കുകയും ചെയ്തു. അവരുടെ മാതാവ് ദീർഘകാലം രോഗിയായിരുന്നിട്ടും അവരെ ഒരുപാട് സേവിച്ചു. തന്റെ കടമകളും നിറവേറ്റി. മാതാവിനെ സേവിക്കുകയും ചെയ്തു. തന്റെ രോഗവും അവസാനനാളുകളിൽ വളരെ ധൈര്യത്തോടെ കഴിച്ചുകൂട്ടി. അവസാന രോഗാവസ്ഥയിൽ ഏകദേശം രണ്ടുമാസം ആശുപത്രിയിലായിരുന്നു. ഖുർആൻ കേൾപ്പിക്കുക എന്നു എപ്പോഴും പറഞ്ഞുകൊണ്ടിരുന്നു. വീട്ടിലും കുട്ടികളോടു നമസ്കരിക്കാനും ഓതാനും പറയുമായിരുന്നു. എന്തെങ്കിലും നല്ല കാര്യം കുട്ടികളിൽ കണ്ടാൽ, തിലാവത്തു ചെയ്യുന്നതു കണ്ടാൽ സന്തോഷിക്കുകയും സമ്മാനം നല്കുകയും ദുആ ചെയ്യുകയും ചെയ്യുമായിരുന്നു.' മുശ്ശിർ സാഹിബ് പറയുന്നു:'ഞങ്ങളുടെ മകൾക്ക് 12 വയസ്സായപ്പോൾ അവളെ തലമറയ്ക്കാനും പർദ ശ്രദ്ധിക്കാനും ഉപദേശിക്കുമായിരുന്നു. ഹദ്റത്ത് അമ്മാജാനേയും മറ്റു പുണ്യവതികളേയും ഉദ്ധരിച്ച് ചെറുതിൽചെറുതും എന്നാൽ, പ്രധാനപ്പെട്ടതുമായ കാര്യങ്ങൾ കുട്ടികൾക്ക് ഉദാഹരണത്തോടും സംഭവങ്ങളുടെ രൂപത്തിലും കേൾപ്പിക്കുമായിരുന്നു. സ്വയംതന്നെയും പർദ കണിശമായും പാലിച്ചിരുന്നു.' അതിനാൽ മാതാപിതാക്കൾ അവരുടെ മുതിർന്ന കുട്ടികളെ ഉപദേശിച്ചുകൊണ്ടിരുന്നാൽ പെൺകുട്ടികളിൽ പർദ ധരിക്കാതിരിക്കുന്ന പ്രവണത അവസാനിച്ചുപോകുമായിരുന്നു. എന്നല്ല അവർക്ക് ധൈര്യവുമുണ്ടാകുമായിരുന്നു.

ഫള്ലെ ഉമർ ആശുപത്രിയിലെ ഡോക്ടർ നുസ്റത്ത് മജോക്ക സാഹിബ പറയുന്നു: 'ഡോക്ടർ നുസ്റത്ത് ജഹാൻ സാഹിബയോടൊപ്പം എനിക്ക് 18 വർഷത്തെ ബന്ധമുണ്ട്. ഞാൻ പാസായുടനെ ഫള്ലെ ഉമർ ഹോസ്പിറ്റലിലെ ഗൈനക് വകുപ്പിന്റെ ഭാഗമായി. എന്റെ എല്ലാ പ്രഫഷണൽ ട്രൈനിംഗും ഡോക്ടർ സാഹിബയാണ് ചെയ്തത്. അവർ കഴിവുള്ള ഉസ്താദായിരുന്നു. ഞങ്ങൾക്ക് ജീവിതത്തിലെ എല്ലാ വകുപ്പുകളിലും അവരിൽനിന്ന് മാർഗദർശനം ലഭിച്ചുകൊണ്ടിരുന്നു. അല്ലാഹു അവരെ അസാധാരണമായ കഴിവുകൾനല്കി അനുഗ്രഹിച്ചു. അവർ അനുസരണശീലയും സഹതാപിയുമായ മകളായിരുന്നു. വാത്സല്യനിധിയായ ഉമ്മയായിരുന്നു. ഒരു disciplined ഉസ്താദായിരുന്നു. അനുകമ്പയുള്ള സഹോദരിയും സ്നേഹിതയുമായിരുന്നു. പറയുന്നു: അവരുടെ മുഴുവൻ ജീവിതവും ത്യാഗങ്ങൾ നിറഞ്ഞതായിരുന്നു. അവർ ജമാഅത്തിന്റെ സേവനത്തിനായി തന്റെ വ്യക്തിപരമായ ജീവിതം ഒരുപാട് പിന്നിലേക്ക് തള്ളിയിട്ടു. അവരുടെ മുൻഗണനകൾ സാധാരണക്കാരിൽനിന്ന് വളരെ വ്യത്യസ്തമായിരുന്നു. അവർ പറയുന്നു: 'എനിക്ക് രണ്ടു മക്കളുണ്ട്. ഒന്ന് എന്റെ മകളാണ്. രണ്ടാമത്തേത് എന്റെ വകുപ്പ്. എല്ലാ സമയവും ഗൈനക്വകുപ്പിന്റെ അഭിവൃദ്ധിക്കുവേണ്ടി ശ്രമിച്ചുകൊണ്ടിരുന്നു. രോഗികൾക്കുവേണ്ടി സന്നദ്ധയും അരമുറുക്കിയും ഇരുന്നിരുന്നു. പ്രത്യേകിച്ചും ജമാഅത്തിലെ ഉദ്യോഗസ്ഥരെ ദരിദ്രരായ ഉദ്യോഗസ്ഥരെ വളരെ ശ്രദ്ധിച്ചിരുന്നു. അവരിൽ ആരുടെയെങ്കിലും ഭാര്യക്ക് സുഖമില്ലാതായാൽ പലപ്രാവശ്യം ഫോൺചെയ്തും വിവരങ്ങൾ തിരക്കിയിരുന്നു. തന്റെ സഹപ്രവർത്തകരെ ഒരുപാട് സ്നേഹിച്ചിരുന്നു. അവരെകൊണ്ട് കൂടുതൽ പണി എടുപ്പിച്ചാൽ, രോഗികൾ കൂടതുൽ വരുന്ന കാരണത്താൽ കൂടുതൽ പണിയെടുക്കേണ്ടി വന്നാൽ അവർക്ക് വീട്ടിൽനിന്ന് ഭക്ഷണം കൊടുത്തയക്കുമായിരുന്നു. ഏതെങ്കിലും ബുദ്ധിമുട്ടുണ്ടാകുന്ന നേരത്ത് അവരെ സഹായിക്കാൻ ശ്രമിച്ചിരുന്നു. ഖിലാഫത്തിനോടു അഗാധമായ ബന്ധമായിരുന്നുവെന്ന് എല്ലാവരും എഴുതിയിട്ടുണ്ട്. ഇതു യാഥാർഥ്യവുമാണ്. വാസ്തവത്തിൽ ഖിലാഫത്തിനോടു അസാധാരണമായ ബന്ധമായിരുന്നു. പറയുന്നു: 'കഴിഞ്ഞ വർഷംമുതൽ എല്ലാ പ്രധാന കാര്യങ്ങളിലും എന്നെ പങ്കെടുപ്പിക്കുമായിരുന്നു. ഇപ്രകാരംതന്നെ എന്നെ എല്ലാ തരത്തിലുള്ള ഗൈനീ സർജറിയും പഠിപ്പിച്ചു. തന്റെയടുത്ത് സമയം വളരെ കുറവാണെന്ന് പറയുകയും ചെയ്തിരുന്നു. പറയുന്നു: ആ നേരത്ത് ഞാൻ അതത്ര ശ്രദ്ധിച്ചിരുന്നില്ല; അപ്പറഞ്ഞതിന്റെ ഉദ്ദേശ്യമെന്താണെന്ന്. കരണം വലിയ ആക്ടീവാ(active)യിരുന്നു. പക്ഷേ, അവരുടെ വഫാത്തിനുശേഷം ഇപ്പോൾ മനസ്സിലായി അവർക്ക് അവരുടെ രോഗം കാരണത്താൽ അല്പം കണക്കുകൂട്ടലുണ്ടായിരുന്നുവെന്ന്.' അവർ പറയുന്നു: 'അവർ നമ്മെ വിട്ടുംവച്ചുപോയി. റബ്വ വാസികളുടെമേൽ അവരുടെ ഒരുപാട് ഔദാര്യങ്ങളുണ്ട്. ഇന്ന് എല്ലാ നയനങ്ങളും കണ്ണീർവാർക്കുകയാണ്. എല്ലാ മനസ്സുകളും വേദനിക്കുകയാണ്.' ധാരാളം കത്തുകൾ എനിക്കുവന്നിട്ടുണ്ട്. അവരെല്ലാം വലിയ യാഥാർഥ്യങ്ങളാണ് എഴുതിയിട്ടുളളത്.

ഘാന ആശുപത്രിയിലെ നമ്മുടെ ഗൈനക് ഡോക്ടറായ അമത്തുൽഹയ്യ് സാഹിബ എഴുതുന്നു: 'എനിക്കും പ്രാഥമിക ട്രൈനിംഗ് നല്കിയത് ഡോക്ടർ നുസ്റത്ത് ജഹാനായിരുന്നു. പിന്നീട് ഞാൻ ഘാനയിൽപോയപ്പോൾ വാട്ട്സ്ആപ് മുഖേനയും ഈമെയിൽ മുഖേനയും സ്ഥിരമായി ബന്ധമുണ്ടായിരുന്നു. ഗൈനക്കുമായി ബന്ധപ്പെട്ട എന്തെങ്കിലും പ്രശ്നമുണ്ടായാൽ ഉടനെ എനിക്കു സന്തോഷത്തോടെ മറുപടി തരുമായിരുന്നു. വഴികാട്ടുമായിരുന്നു. എല്ലാ ഓരോ വിഷമഘട്ടത്തിലും പറഞ്ഞിരുന്നത് ഖലീഫത്തുൽമസീഹിന് ദുആയ്ക്കുവേണ്ടി എഴുതുക എന്നായിരുന്നു.' വീണ്ടും ഇവർ പറയുന്നു:'ഞാൻ ഡോക്ടർ സാഹിബയുമൊത്ത് ജോലി ചെയ്തപ്പോഴെല്ലാം ചെറിയ ചെറിയ കാര്യങ്ങൾപോലും അവർ ശ്രദ്ധിച്ചിരുന്നതായി കണ്ടിട്ടുണ്ട്.' പറയുന്നു:'എനിക്കോർമയുണ്ട് എവിടെയെങ്കിലും അനാവശ്യമായി ബൾബ് കത്തിക്കിടക്കുന്നതുകണ്ടാൽ ജമാഅത്തിന്റെ പണം പാഴായിപ്പോകുന്നുവെന്ന് കണ്ട് അതുടനെ ഓഫ് ചെയ്യുമായിരുന്നു. വിവാഹിതരായവരുടെ വിവാഹബന്ധം നിലനിറുത്തണമെന്ന് എപ്പോഴും അവരെ ഉപദേശിച്ചിരുന്നു. രക്തബന്ധം ഒരിക്കലും വിച്ഛേദിക്കപ്പെടുകയില്ലെന്ന് പറയുമായിരുന്നു. പക്ഷേ, ഭാര്യാഭർതൃബന്ധം

## ഇർശാദുന്നബ്‌വി(സ)

"പുണ്യകർമങ്ങളിൽ ഒന്നിനേയും നീ നിസ്സാരമാക്കിത്തള്ളരുത്; അത് നിന്റെ സഹോദരനുമായി മുഖപ്രസന്നതയോടെ കണ്ടുമുട്ടുക എന്നതാണെങ്കിലും."

(മുസ്‌ലിം)

**ത്വാലിബെ ദുആ:**
**എം.എ.മുഹമ്മദ് കോഴിക്കോട്**

## ഇർശാദുന്നബ്‌വി(സ)

അല്ലാഹു പറയുന്നു: "എന്റെ അടിമകളേ! നിങ്ങളുടെ പ്രവർത്തനങ്ങളെല്ലാം ഞാൻ രേഖപ്പെടുത്തുന്നുണ്ട്. പിന്നീട് നിങ്ങൾക്കതിന്റെ പ്രതിഫലം ഞാൻ പൂർത്തീകരിച്ചു തരും.'

(മുസ്‌ലിം)

**ത്വാലിബെ ദുആ:**
**അബ്ദുസ്സമദ് , പഴയങ്ങാടി**

## ഇർശാദുന്നബ്‌വി(സ)

അല്ലാഹു പറയുന്നു:"എന്റെ അടിമകളേ! ഞാൻ സന്മാർഗദർശനം ചെയ്തില്ലെങ്കിൽ നിങ്ങളെല്ലാം വഴിപിഴച്ചവരാണ്. നിങ്ങളെന്നോടു ഹിദായത്ത് തേടുക. ഞാൻ ഹിദായത്ത് നല്കുന്നതാണ്."

(മുസ്‌ലിം)

**ത്വാലിബെ ദുആ:**
**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

അനുരക്തിയുടേയും സ്നേഹത്തിന്റേതുമാണ്. അത് നിലനിന്നില്ലെങ്കിൽ ഒന്നും നിലനില്ക്കുകയില്ല.'വളരെ നല്ലൊരു കുറിപ്പടിയാണ് ഡോക്ടർ സാഹിബ പറഞ്ഞത്. എല്ലാ ഭാര്യാഭത്താക്കന്മാരും ഇതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഡോക്ടർ അമത്തുൽഹയ്യ് സാഹിബ പറയുന്നു:'പുതിയ ഗൈനി തിയറ്റർ റബ്വയിൽ ഉണ്ടായിരിക്കുന്നുവെന്നും തനിക്ക് പോയി കാണാൻ കഴിയുമോ എന്നറിയില്ലെന്നും പറഞ്ഞ് കഴിഞ്ഞ ദിവസം രോഗത്തിനുമുമ്പേ, ലണ്ടൻ ആശുപത്രയിൽ പ്രവേശിക്കുന്നതിന് കുറച്ചു ദിവസം മുമ്പേ എനിക്കു ഫോൺ ചെയ്തിരുന്നു.' താമസിക്കാനിടയുണ്ടെന്നും അതുകൊണ്ട് നാസിർ അഅ്ലായെകൊണ്ട് അതിന്റെ ഉൽഘാടനം ചെയ്യിക്കണമെന്നും എന്നോടും അവർ പറഞ്ഞിരുന്നു. ഞാൻ അവർക്ക് നിർദേശവും കൊടുത്തിരുന്നു.

റബ്വയിലെ ത്വാഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിലെ ഇൻചാർജ് ഡോക്ടർ നൂരി സാഹിബ് പറയുന്നു: 'കഴിഞ്ഞ ഒമ്പത് വർഷത്തിലേറെയായി ഡോക്ടർ നുസ്റത്ത് ജഹാൻ സാഹിബയോടൊപ്പം ഫള്ലെ ഉമർ ആശുപത്രിയിലെ സുബയ്ദ ബാനീ വിംഗിലും ത്വാഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിലും ജോലി ചെയ്യാൻ അവസരം കിട്ടി. ഇക്കാലത്തെ ഡോക്ടർമാരിൽ വളരെ വിരളമായി കാണുന്ന ചില സവിശേഷതകൾ അവരിലുണ്ടായിരുന്നു. വളരെ വിശിഷ്ടയും, ദുആ ചെയ്യുന്നവരും ഉന്നതമായ സ്വഭാവഗുണങ്ങൾ വഹിക്കുന്നവരും അല്ലാഹുവിനെ ഭയപ്പെടുന്നവരും തന്റെ രോഗികൾക്കുവേണ്ടി ദുആകൾ ചെയ്യുന്നവരും സൂക്ഷ്മമായ നിലയിൽ പർദ പാലിക്കുന്നവരും വിശുദ്ധ ഖുർആനിന്റെ വിശാലമായ അറിവുള്ളവരും നബി(സ)തിരുമേനിയുടേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ജീവിതമാതൃകയനുസരിച്ച് പ്രവർത്തിക്കുന്നവരുമായിരുന്നു.

ഇവിടെ യു.കെ(UK)യിൽ അവർ പഠിച്ചുകൊണ്ടിരിക്കുമ്പോഴും അതിനുശേഷം ഇവിടെ വിവിധ ആശുപത്രികളിൽ തന്റെ അറിവ് വർധിപ്പിക്കുന്നതിനുവേണ്ടി വന്നിരുന്നപ്പോഴും എപ്പോഴും 'നിക്കാബ്' പർദയാണ് അവർ പാലിച്ചിരുന്നത്. പൂർണമായ ബുർഖയാണ് ധരിച്ചിരുന്നത്. ഒരു അപകർഷതാബോധവും ഉണ്ടായിരുന്നില്ല. പർദയ്ക്കുള്ളിലിരുന്നുകൊണ്ട് എല്ലാ ജോലിയും ചെയ്യുമായിരുന്നു. അതുകൊണ്ട് തങ്ങൾക്ക് പർദ ധരിച്ച് ജോലിചെയ്യാൻ കഴിയുകയില്ലെന്ന് ഒഴികഴിവ് പറയുന്ന പെൺകുട്ടികൾക്ക് ഇവർ ഒരു മാതൃകയായിരുന്നു.' വീണ്ടും പറയുന്നു: 'തന്റെ വിദ്യയിൽ വളരെ വിദഗ്ദ്ധയായിരുന്നു. ആധുനിക ടെക്നോളജിയിൽ നല്ല അറിവുണ്ടായിരുന്നു. തന്റെ അറിവിനെ പുതിയ തേട്ടങ്ങളനുസരിച്ച് വർധിപ്പിച്ച് ജോലി ചെയ്തിരുന്നു. തന്റെ ജോലിക്കിടയിൽ സമയമൊന്നും പരിഗണിച്ചിരുന്നില്ല. ലഭിച്ച സൗകര്യങ്ങളിൽനിന്ന് അനുവദനീയമല്ലാത്തത് ഉപയോഗിച്ചിരുന്നില്ല. ഗുരുതരമായി കിടക്കുന്ന രോഗികൾക്കുവേണ്ടി തന്റെ അവധി ബലികഴിച്ച് 12 മണിക്കൂർവരെ ജോലി ചെയ്തിരുന്നു.' പറയുന്നു: 'ഒരിക്കൽ അവർ ഒരു കുഴഞ്ഞുമറിഞ്ഞ പ്രസവക്കേസിൽ രാത്രി മുഴുവൻ ഉറക്കമിളച്ചിരുന്ന് ജോലിയെടുത്തത് എനിക്കോർമയുണ്ട്. രോഗിയെ സാധ്യതയുള്ള ഒപ്ഷൻസിനെ കുറിച്ച് സമാധാനപ്പെടുത്തിക്കൊണ്ടിരുന്നു. ഇക്കാരണത്താൽ രോഗികൾക്ക് അവരിൽ വലിയ വിശ്വാസമായിരുന്നു. നിയമവ്യവസ്ഥിതികളേയും ചട്ടങ്ങളേയും പൂർണമായും പാലിച്ചിരുന്നു. തന്നിലർപിതമായ കടമകൾ വിശ്വസ്തതയോടെ ചെയ്തിരുന്നു. ചിലയാളുകൾ പറയാറുണ്ടായിരുന്നു, അവരുടെ കാലത്ത് എനിക്കും എഴുതിയിരുന്നു, കാർക്കശ സ്വഭാവക്കാരിയാണെന്ന്. കാർക്കശ്യം നിയമങ്ങൾ പാലിക്കുന്ന കാരണത്തിലായിരുന്നു. പക്ഷേ, അവരുടെ മനസ്സ് വളരെ മാർദവമുള്ളതായിരുന്നു. ധർമനിഷ്ഠയും സഹതാപവും അവരുടെ ഒരു പ്രധാന ഗുണമായിരുന്നു. ഡോക്ടർ നൂരി സാഹിബ് എഴുതുന്നു:'ഒരു വൃദ്ധയെ ത്വാഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശിപ്പിച്ചിരുന്നു. അവർ ഒരു സംഭവം കേൾപ്പിച്ചിരുന്നു. ഒരു തവണ ഡോക്ടർ സാഹിബ തന്റെ ജോലി കഴിഞ്ഞ് വണ്ടിയിൽ വീട്ടിലേക്ക് മടങ്ങുകയായിരുന്നു. അവർ എന്നെ ആശുപത്രിയുടെ അടുത്ത് അഖ്സ റോഡിൽ കണ്ടു. അപ്പോൾ വണ്ടി നിറുത്തുകയും തോളിൽ കൈയ്യിട്ട് വളരെ ശാന്തമായി രോഗവിവരങ്ങൾ ചോദിക്കുകയും ചെയ്തു. അവിടെനിന്നുകൊണ്ട് മരുന്ന് എഴുതിത്തന്നു. എന്നിട്ടാണ് പോയത്. അവരുടെ വിവരണശക്തിയും വളരെ നല്ലതായിരുന്നു. അവരുടെ പിതാവ് മൗലാനാ അബ്ദുൽമാലിക് ഖാൻ സാഹിബും ഉന്നതനിലയിലുള്ള പ്രസംഗകനായിരുന്നു. ലാഹോർ ലജ്ന സ്വദ്ർ ഫൗസിയ ശമീം സാഹിബ നൂരി സാഹിബിനോടു പറഞ്ഞു: 'ലാഹോറിൽ ലജ്നകളോടു പ്രസംഗിക്കാൻ ക്ഷണിക്കുമ്പോൾ ഡോക്ടർ സാഹിബയുടെ വ്യക്തിത്വവും വിവരണവും എല്ലാവരിലും ഒരുപോലെ സ്വാധീനം ചെലുത്തിയിരുന്നു. അവരുടെ സംസാരങ്ങളുടെ അച്ചുതണ്ട് അഹ്മദിയ്യത്തും ഖിലാഫത്തും അല്ലാഹുവിന്റെ കൃപകളെ കുറിച്ചുള്ള സ്മരണയുമായിരുന്നു. അവരുടെ വിവരണങ്ങളിൽ പിതാവ് മൗലാനാ അബ്ദുൽ മാലിക് ഖാൻസാഹിബിന്റെ പ്രകാശം കാണാമായിരുന്നു. ഖിലാഫത്തിനോടു വളരെ കൂറും ആത്മാർഥമായ ബന്ധവുമായിരുന്നു. മീറ്റിംഗുകളിലും സെമിനാറുകളിലും വാർഡുകളിൽ റൗണ്ടിംഗിന് പോകുമ്പോൾ പോലും കാലത്തിന്റെ ഖലീഫയുടെ നിർദേശങ്ങളെക്കുറിച്ച് പറയുമായിരുന്നു. ഖിലാഫത്തിനോടുള്ള വിശ്വാസം വെറും നാവിൽ മാത്രമായിരുന്നില്ല. മറിച്ച് അവരുടെ കർമങ്ങളിലൂടേയും അത് വെളിപ്പെട്ടിരുന്നു. ശരിയായ അർഥത്തിലുള്ള ഒരു റോൾമോഡൽ സ്ത്രീയായിരുന്നു.

ഡോക്ടർ മുഹമ്മദ് അഹ്മദ് അശ്റഫ് സാഹിബ് എഴുതുന്നു: 'അല്ലാഹു ഡോക്ടർ സാഹിബായ്ക്ക് വലിയ വിവേകജ്ഞാനവും ദീർഘദൃഷ്ടിയും കൊടുത്തിരുന്നു. ചില സമയങ്ങളിൽ രോഗിയുടെ ചികിത്സയുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രൊസീജിയേർസ്സ് കുറച്ച് നേരത്തിന് താമസിപ്പിക്കുമായിരുന്നു. പിന്നീട് അവരെടുത്ത തീരുമാനം ശരിയാകുമായിരുന്നു. വളരെ നല്ല സംഘാടകയായിരുന്നു. തന്റെ വകുപ്പിന്റെ ജോലിയിൽ തികഞ്ഞ നിയന്ത്രണം പാലിച്ചിരുന്നു. നിയമങ്ങൾ പാലിച്ചിരുന്നു. തന്റെ തീരുമാനം ശക്തമായി പ്രകടിപ്പിച്ചിരുന്നു. കാര്യങ്ങളെ കുറിച്ച് ആഴത്തിൽ പരിശോധിക്കുകയും അവയിൽനിന്ന് ഭാവിയിലേക്ക് മാർഗനിർദേശമെടുക്കുകയും അവരുടെ ശീലമായിരുന്നു. സംഘടനാപരമായ കാര്യങ്ങളിൽ സ്ഥാനത്തിന്റെ പ്രഭാവം അതിന്റെ സ്ഥാനത്ത്. പക്ഷേ, ജോലിക്കാരെ എല്ലാ രീതിയിലും സ്നേഹിക്കുന്നവരായിരുന്നു. അവരുടെ സന്തോഷങ്ങളിലും സന്താപങ്ങളിലും പങ്കെടുക്കുമായിരുന്നു. അവരുടെ സഹതാപത്തിന്റേയും വാത്സല്യത്തിന്റേയും വൃത്തം ബന്ധുക്കളിലും അയൽവാസികളിലും ജോലിക്കാരിലും ആശുപത്രിയിലും മാത്രം ഒതുങ്ങിനിൽക്കുന്നതായിരുന്നില്ല. മറിച്ച് ജോലിക്കാരുടെ കുടുംബാംഗങ്ങളിലെ രോഗികളും അവരുടെ ബന്ധുക്കളുമെല്ലാം അവരിൽനിന്ന് ഫലമെടുക്കുന്നത് പലപ്രാവശ്യവും ഞങ്ങൾ കണ്ടിട്ടുണ്ട്. ആവശ്യക്കാർക്ക് അങ്ങേയറ്റം തുറന്ന ഹൃദയത്തോടെയും അവരുടെ മാന്യത നിലനിറുത്തിക്കൊണ്ടും രഹസ്യമായി സഹായിച്ചിരുന്നു. ഡോക്ടറുടെ റെക്കോർഡുകൾ സൂക്ഷിക്കുന്നവർ എഴുതുന്നു: 'ഈ സാധുവിന്റെ അറിവനുസരിച്ച് അവരുടെ നേതൃത്വകാലത്ത് ഗൈനി വകുപ്പിന്റെ റെക്കോർഡ് എറ്റവും മികച്ചതും സുരക്ഷിതവുമായ അവസ്ഥയിലായിരുന്നു.'

മുറബ്ബി ഫളീൽ അയാസ് സാഹിബ് എഴുതുന്നു: 'അതിരറ്റ സഹതാപിയും അനുകമ്പയുള്ളവരുമായിരുന്നു.1989-ൽ ഈ സാധു റബ്വയിലെ ജാമിഅ അഹ്മദിയ്യായിൽ സേവനം ചെയ്തുവരികയായിരുന്നു. ഞാൻ ഭാര്യയും മകളുമൊത്ത് റബ്വയിൽ താമസം തുടങ്ങി. ഡോക്ടർ സാഹിബ എന്റെ ഭാര്യയെ ചികിത്സിക്കാൻ തുടങ്ങി.' പ്രസവസംബന്ധമായ കേസോ മറ്റോ ആയിരുന്നു. 'ചികിത്സക്കിടയിൽ അവരെ വലിയ ദയാലുവും വാത്സല്യനിധിയും സഹതാപിയുമായി കണ്ടു. ഒരു വാഖ്ഫെ സിന്ദഗിയുടെ ഭാര്യയായ കാരണത്താൽ എന്റെ ഭാര്യയും ഞങ്ങളുടെ മക്കളും എപ്പോഴും അവരുടെ പ്രത്യേക വാത്സല്യത്തിനും സ്നേഹത്തിനും പാത്രമായിരുന്നു.' പറയുന്നു:'ഞങ്ങൾക്ക് നാലു മക്കളുണ്ട്. മൂന്നു പെൺമക്കളും ഒരു ആൺകുട്ടിയും. ഫള്ലെ ഉമർ ആശുപത്രിയിൽത്തന്നെയാണ് പ്രസവങ്ങളെല്ലാം നടന്നത്.' പറയുന്നു:' എപ്പോഴും ഞങ്ങൾ അവരെ കുട്ടികളുടേയും അവരുടെ മാതാവിന്റേയും ആരോഗ്യത്തെ സംബന്ധിച്ച് ഞങ്ങളെക്കാളധികം ചിന്താകുലയായി കണ്ടു. ഞങ്ങളുടെ വീട്ടിൽ നാലു പെൺമക്കൾ പിറന്നപ്പോൾ ഒരിക്കൽ 4 വയസ്സുള്ള എന്റെ മൂന്നാമത്തെ പെൺകുട്ടി അവരുടെ വീട്ടിൽപോയി 'ഞങ്ങൾക്കും ഒരു സഹോദരനെ കൊണ്ടുത്തരിക' എന്ന് അവരോടുപറഞ്ഞു. ഡോക്ടർ സാഹിബ എന്റെ മകളെ ഒരുപാട് മുത്തംവച്ചു. എന്നിട്ട് പറഞ്ഞു, അല്ലാഹു നിനക്ക് സഹോദരനെ തരാൻ അല്ലാഹുവിനോടു ദുആ ചെയ്യുക. പിന്നീട് ഗർഭിണിയായപ്പോൾ ഡോകട്ർ സാഹിബ സ്വയം ദുആ ചെയ്യുകയും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന് ദുആയ്ക്കുവേണ്ടി എഴുതുകയും ചെയ്തു. കാണുന്നവരോടെല്ലാം എന്റെ ഭാര്യയ്ക്കുവേണ്ടി ദുആ ചെയ്യാൻ പറഞ്ഞു.' പറയുന്നു:'അല്ലാഹു അനുഗ്രഹിച്ചു. ആൺകുട്ടി പിറന്നപ്പോൾ നേരിട്ട് വന്ന് ഞങ്ങളുടെ വീട്ടിൽനിന്ന് എന്റെ മകളെ കൂട്ടിക്കൊണ്ടുപോയി. എടുത്തുകൊള്ളുക! അല്ലാഹു നിനക്ക് സഹോദരനെ തന്നിരിക്കുന്നുവെന്ന് പറയുകയും അതിനുശേഷം സ്വയംതന്നെ എന്റെ ഭാര്യയെ തന്റെ വണ്ടിയിൽ വീട്ടിൽക്കൊണ്ടു വിടുകയും ചെയ്തു.'

അനഹ്മദി രോഗികളും അവരുടെ അടുക്കൽ ധാരാളമായി വരുമായിരുന്നു. അവർ നേരിട്ട് കേൾപ്പിച്ചിരുന്നു. 'ഒരിക്കൽ ചീനിയോട്ടിൽനിന്ന് അനഹ്മദി മൗലവി വന്നു. അവർക്ക് മക്കളുണ്ടാകുമായിരുന്നില്ല. അല്ലാഹുവിന്റെ കൃപയാൽ അവരുടെ ചികിത്സകൊണ്ട് ഗർഭിണിയായി.' പറഞ്ഞു:'ഇനി ഈ മൗലവിസാഹിബ് തന്റെ ഭാര്യ പ്രസവിക്കുന്നതുവരെ എന്റെ നിയന്ത്രണത്തിലാണ്. അദ്ദേഹത്തെ നല്ലവണ്ണം തബ്ലീഗ് ചെയ്തു.' ഒരു ഭയവും പേടിയുമുണ്ടായിരുന്നില്ല.

നമ്മുടെ അറബി ഡസ്കിലെ ത്വാഹിർ നദീം സാഹിബ് പറയുന്നു:'ഡോകട്ർ സാഹിബായുടെ മരുന്നുകളെക്കാളധികം അവരുടെ ദുആയിലായിരുന്നു വിശ്വാസം.' പറയുന്നു:'ഞാൻ ലണ്ടനിൽ വന്നു. എന്റെ ഭാര്യ റബ്വയിലായിരുന്നു. എന്തോ ഓപ്റേഷൻ കേസായിരുന്നു. അതിൽ എന്തോ അപകടമുണ്ടായിരുന്നു. ഡോക്ടർ സാഹിബ ഞങ്ങളോടു പറഞ്ഞു: 'ആ നേരത്ത് ഞാൻ അല്ലാഹുവിനോടു കരഞ്ഞു കരഞ്ഞു ദുആ ചെയ്തു,'അല്ലാഹുവേ! വഖ്ഫെ സിന്ദഗിയുടെ ഭാര്യയാണ്. ഇവരുടെ ഭർത്താവ് നിന്റെ ദീനിന്റെ സേവനത്തിനായി പോയിരിക്കുകയാണ്. നീ നിന്റെ അനുഗ്രഹം ചൊരിഞ്ഞാലും. അങ്ങനെ കുറച്ചു കഴിഞ്ഞപ്പോൾ എങ്ങനെ അല്ലാഹു കൃപചൊരിഞ്ഞെന്നാൽ, ബ്ലീഡിംഗ് നിലച്ചു. പൂർണമായ നിലയിൽ നിന്നു. ഓപ്റേഷന്റെ ആവശ്യമുണ്ടായില്ല.' അതിഥി സൽക്കാരത്തെ കുറിച്ച് നദീം സാഹിബ് എഴുതുന്നു:'ഹിവാറുൽ മുബാശിറിന്റെ പരിപാടികളുടെ അറബ് ആളുകൾ വന്നിരിക്കുന്നു. ലണ്ടനിൽ 53 ഗസ്റ്റുഹൗസാണ്. അവിടെത്തന്നെയാണ് ഡോക്ടർ സാഹിബയും താമസിച്ചിരുന്നത്. ഈ അറബികളും അവിടെത്തന്നെയാണ് താമസിച്ചിരുന്നത്. പറയുന്നു:'ഒരു ദിവസം അടുക്കളയിൽ തന്റെ മകളോടൊപ്പം പൊറോട്ട ഉണ്ടാക്കുകയായിരുന്നു. അപ്പോൾ പറഞ്ഞു. ഇവിടെ വന്നിട്ടുള്ള അറബികൾ ഹിവാറിൽ പങ്കെടുത്തുകൊണ്ടിരിക്കുകയാണ്. ദീനിന് സേവനം ചെയ്യുന്ന നിങ്ങൾക്ക് എന്റെ കൈകൊണ്ട് ഉണ്ടാക്കിയ പൊറോട്ട നല്കി ഞാനും ഈ ജിഹാദിൽ പങ്കാളിയാകാനാഗ്രഹിക്കുകയാണ്.'

നമ്മുടെ റബ്വ ജാമിഅയിലെ പ്രിൻസിപ്പാളാണ് മുബശ്ശിർ അയാസ് സാഹിബ്. അവരുടെ ചുറുചുറുക്കിനേയും പർദയേയും കുറിച്ച് അദ്ദേഹം എഴുതുന്നു:'നമ്മുടെ ഈ ഡോക്ടർ സാഹിബയും ബുർഖ ധരിച്ച് കൃത്യമായ പർദയുടെ ഉന്നതമായ രൂപം കൈക്കൊണ്ട് യുവസൈനികരെപ്പോലെ ഓടിച്ചാടി നടക്കുന്നത് കാണാമായിരുന്നു. ആരാണോ സ്ത്രീകളുടെ പർദയെ വിലങ്ങുതടിയായി മനസ്സിലാക്കുന്നത് അവർക്ക് ഇവർ ഉത്തമമായ റോൾമോഡലായിരുന്നു. ദിവസം മുഴുവൻ ജോലിചെയ്തുകൊണ്ടിരുന്നു. വലിയ ആക്ടീവായിട്ടിരുന്നു. എങ്കിലും ഒരിക്കലും ക്ഷീണം പ്രകടമായിരുന്നില്ല.'

ഡോക്ടർ സുൽത്വാൻ മുബശ്ശിർ സാഹിബ് പറയുന്നു: 'സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ക്വാർട്ടറിലാണ് ഞങ്ങളും താമസിച്ചിരുന്നത്. ഡോക്ടർ സാഹിബയും അവിടെത്തന്നെയായിരുന്നു. പരസ്പരം ഒരു തരത്തിലുള്ള ഔപചാരികത്വവും കൂടാതെയുള്ള വരവും പോക്കും അന്തരീക്ഷവുമായിരുന്നു അന്ന് റബ്വയുടേത്. ഇദ്ദേഹം ദോസ്ത് മുഹമ്മദ് ശാഹിദിന്റെ മകനാണ്. അദ്ദേഹവും മൗലാനാ അബ്ദുൽ മാലിക് ഖാൻ സാഹിബും സ്നേഹിതന്മാരായിരുന്നു. കാരണം മൗലാനാ അബ്ദുൽ മാലിക് ഖാൻ സാഹിബിന്റെ മക്കളൊന്നും അവിടെ ഉണ്ടായിരുന്നില്ല. അതുകൊണ്ട് ദോസ്ത് മുഹമ്മദ് സാഹിബ് അദ്ദേഹത്തിന്റെ വീട്ടിലെ കാര്യങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരിക്കണമെന്നും എന്തെങ്കിലും ആവശ്യമുണ്ടായാൽ നിറവേറ്റണമെന്നും തന്റെ മകനോടു പറഞ്ഞിരുന്നു. അങ്ങനെ ഇദ്ദേഹം അവിടെ പോകാറുണ്ടായിരുന്നു. അതുകൊണ്ട് ഔപചാരികത്വമൊന്നുമുണ്ടായിരുന്നില്ല. അപ്പോൾ ഡോക്ടർ സാഹിബയോടും എന്തെങ്കിലും ആവശ്യമുണ്ടോ എന്ന് ചോദിക്കുമായിരുന്നു. എന്തെങ്കിലും ചെറിയ കാര്യമാണെങ്കിലും ധാരാളം നന്ദി പ്രകടിപ്പിക്കുമായിരുന്നു. പിന്നീട് കുട്ടികൾക്കും ഭാര്യക്കും ഉപഹാരങ്ങളും നല്കുമായിരുന്നു.'

ഗൈനക്കോളജി വകുപ്പായിരുന്നു ഡോക്ടർ സാഹിബയുടേത്. ഇദ്ദേഹം എഴുതുന്നു: 'അതിനെ ആധുനിക അവശ്യവസ്തുക്കളുമായി സംയോജിപ്പിക്കുന്നതിനുവേണ്ടി ഏകദേശം എല്ലാ വർഷവും അവർ ഇംഗ്ലണ്ടിൽപോയി പുതിയ പ്രൊസിജിയേർസ് പഠിച്ചു വരുമായിരുന്നു. ഇതെല്ലാം സ്വന്തം ചെലവിലായിരുന്നു. ജമാഅത്തിന്റെ ചെലവിലല്ലായിരുന്നു. ഇപ്രകാരംതന്നെ വിവിധ സ്നേഹിതന്മാരുടെ സഹായത്താൽ പുതിയ മിഷ്യനുകളും കൊണ്ടു വന്നിരുന്നു.' ഇവരെഴുതുന്നു:'ഈ അടുത്ത കാലത്ത് സുബയ്ദ ബാനീ വിംഗിൽ പുതിയ ഓപ്റേഷൻ തിയറ്റർ നിർമാണത്തിൽ സജീവമായി പങ്കെടുത്തു. പക്ഷേ, അത് ഉപയോഗിക്കാൻ അവർക്ക് അവസരം കിട്ടിയില്ല. ഇപ്പോഴുള്ള ഡോക്ടർമാർക്ക്

ശരിയായ നിലയിൽ അതുപയോഗിക്കാൻ അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. ഇവരെഴുതുന്നു: 'ചുരുക്കിപ്പറഞ്ഞാൽ വകുപ്പിന്റെ നിലവിലെ ഘടന ഒരു മുറിയിൽനിന്നാണ് ആരംഭിച്ചത്. ഫള്ലെ ഉമർ ആശുപത്രിയിലെ ഗൈനിക്കൊ വകുപ്പ് വെറും ഒരു മുറിയിലായിരുന്നു. ഇപ്പോൾ ഒരു പൂർണമായ വിംഗിൽ മാറിക്കഴിഞ്ഞിരിക്കുന്നു. അതിൽ ഡോക്ടർ നുസ്റത്ത് ജഹാന്റെ കഴിവിനും രാപകലില്ലാതെയുള്ള കഠിനാധ്വാനത്തിനും തികഞ്ഞ ആവേശത്തിനും വലിയ പങ്കുണ്ട്.

അവരുടെ സ്റ്റാഫ് നേഴ്സായ ജമീല സാഹിബ എഴുതുന്നു:'ഡോക്ടർ സാഹിബയുടെ വേർപാടിൽ വളരെ വിഷമമുണ്ട്. ഡോക്ടർ സാഹിബ വളരെ നല്ലതും സൽസ്വഭാവിയുമായ ഒരു ഡോക്ടറായിരുന്നു. ഞങ്ങളെ എല്ലാവരേയും വളരെ ശ്രദ്ധിക്കുമായിരുന്നു. കുട്ടികളെപോലെ ഞങ്ങളെ സ്നേഹിക്കുമായിരുന്നു. ഞങ്ങളെ ശ്രദ്ധിക്കുമായിരുന്നു. ദരിദ്രരായ രോഗികൾ വരുമ്പോൾ കൺസൽട്ടിംഗ് ഫീസ് മടക്കിക്കൊടുക്കുകയും തന്റപക്കൽനിന്ന് മരുന്നു നല്കുകയും ചെയ്യുമായിരുന്നു.' വേറൊരു സ്റ്റാഫ് നേഴ്സ് മുസർറത്ത് സാഹിബ എഴുതുന്നു:'ഉത്തമയായ വാത്സല്യമുള്ള ഉസ്താദും ഉന്നതമായ കഴിവുള്ള ഡോക്ടറുമായിരുന്നു. ഞാൻ ഏകദേശം 31 വർഷക്കാലം അവരുടെ മേൽനോട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. വളരെ സ്നേഹിക്കുന്നവരും അങ്ങേയറ്റം ബോധവതിയും ഓരോ പ്രയാസഘട്ടങ്ങളിലും കൂടെ നില്ക്കുന്നവരും വലിയവരോടു അനുകമ്പയുള്ളവരും കുട്ടികളോടു വാത്സല്യത്തോടെ പെരുമാറുന്നവരും രോഗികളോടു അങ്ങേയറ്റം സ്നേഹത്തോടെ പെരുമാറുന്നവരും അവരുടെ വിഷമം സ്വന്തം വിഷമമായി കരുതുന്നവരും എല്ലാ സ്റ്റാഫുകൾക്കും എപ്പോഴും സൃഷ്ടിസേവനത്തിന്റേയും സൽപെരുമാത്തിന്റേയും പാഠം നല്കുന്നവരും കാലത്തിന്റെ ഖലീഫയുടെ കല്പനയ്ക്ക് ലബ്ബൈക് പറയുന്നവരുമായിരുന്നു. അവരുടെ ഒരു രോഗി എഴുതുന്നു: 'ഒരിക്കൽ എന്നെ ചികിത്സിക്കുകയായിരുന്നു. വാഖ്ഫെ സിന്ദഗിയുടെ ഭാര്യ എന്ന നിലയിൽ ഒരു പാട് എന്നെ ഗൗനിച്ചിരുന്നു. അൽട്രാസൗണ്ട് ചെയ്യിക്കണമായിരുന്നു. തന്റെ സഹായിയോടു അൽട്രാസൗണ്ട് ചെയ്യിച്ചുകൊണ്ടുവരാൻ പറഞ്ഞു. ആ നേരത്ത് നല്ല തിരക്കായിരുന്നു. അവിടെ ഒരു കസേരയുണ്ടായിരുന്നു. അതിൽ ഒരു ദരിദ്രയായ സ്ത്രീ ഇരിപ്പുണ്ടായിരുന്നു. അസിസ്റ്റന്റ് സഹായിയായ ആ സ്ത്രീ ആ ദരിദ്രയായ സ്ത്രീയെ അവിടെനിന്നെഴുന്നേല്പിച്ച് –കാരണം ഡോക്ടർ സാഹിബ എന്നെ അയച്ചതാണല്ലോ– എന്നെ അവിടെ ഇരുത്താൻ ആഗ്രഹിച്ചു. പെട്ടെന്ന് 'അവിടെയല്ല, നിങ്ങൾ ആ കസേരയിലല്ല, ഈ കസേരയിൽ ഇരിക്കുക' എന്ന് പിന്നിൽനിന്ന് പറയുന്നത് കേട്ടു. നോക്കുമ്പോൾ ഡോക്ടർ സാഹിബ സ്വയം ഒരു കസേര എടുത്തുവരുന്നതാണ് കണ്ടത്. ആ ദരിദ്രയായ സ്ത്രീക്ക് തന്നെ എഴുന്നേല്പിച്ചുവെന്ന് തോന്നാതിരിക്കാനാണ് അങ്ങനെ ചെയ്തത്. കാരണം രോഗികളെല്ലാം ഒരുപോലെയാണ്. പക്ഷേ, മറുഭാഗത്ത് എന്റെ അവസ്ഥ കണ്ട് എനിക്ക് ഇരിക്കാൻ സ്ഥലം കിട്ടണമെന്നുള്ളതുകൊണ്ട് സ്വയം കസേര എടുത്തുകൊണ്ടുവന്നു. എന്നെ അവിടെ ഇരുത്തി.'

മറ്റൊരു ഡോക്ടർ സാഹിബ എഴുതുന്നു: 'ജമാഅത്തിനുവേണ്ടി ആത്മവീര്യം ഉൾക്കൊണ്ടിരുന്നു. ഖിലാഫത്തിനോടു അതിരറ്റ സ്നേഹമായിരുന്നു. തന്റെ കൂടെ ജോലിചെയ്തിരുന്ന മറ്റു ഡോക്ടർമാരെ ഖലീഫത്തുൽമസീഹുമായി ബന്ധം ഉണ്ടാക്കാനും ദുആയ്ക്കുവേണ്ടി അധികമായി എഴുതാനും ഉത്സാഹിപ്പിച്ചുകൊണ്ടിരുന്നു. ഏതുജോലിക്കുവേണ്ടിയും ഖലീഫത്തുൽമസീഹിന് കത്തെഴുതുമ്പോൾ ഞങ്ങൾക്കുവേണ്ടിയും ദുആയ്ക്കെഴുതുമായിരുന്നു.' വീണ്ടും പറയുന്നു, 'മറുപടി വരുമ്പോൾ ഞങ്ങളെ വായിച്ചുകേൾപ്പിക്കുമായിരുന്നു. അപ്പോൾ ഉണ്ടാകുന്ന സന്തോഷം മുഖത്ത് പ്രതിഫലിക്കുമായിരുന്നു. ആ വായനാരീതിയിൽനിന്നും കണ്ണുകളിൽനിന്നും അത് പ്രകടമായിരുന്നു. ഞങ്ങളുടെ എല്ലാവരുടേയും ഈമാന്റെ വർധനയ്ക്ക് നിമിത്തമായിരുന്നു. തന്റെ ജീവിതം ജമാഅത്തിനുവേണ്ടി വഖ്ഫു ചെയ്ത് തന്റെ ഭൗതികമായ സുഖസൗകര്യങ്ങളും സമ്പത്തും ബലിയർപിച്ചിരുന്നുവെന്ന് മാത്രമല്ല, ഞങ്ങൾ ഡോക്ടർമാർക്കെല്ലാം തന്റെ ജിവിതത്തിന്റെ ഉദാഹരണങ്ങൾ നല്കി വഖ്ഫിനും ജമാഅത്തിന്റെ സേവനത്തിനും മോട്ടിവേറ്റ് ചെയ്തിരുന്നു. അവരോടൊപ്പം ജോലി ചെയ്തിരുന്നതുകൊണ്ട് നിത്യവും മനുഷ്യന്റെ ഈമാൻ ആർദ്രമാകുമായിരുന്നു. മനസ്സിൽ വഖ്ഫിന്റെ ആത്മാവിന്റെ വികാരം തിളച്ചുപൊന്തുമായിരുന്നു.'

ഖിലാഫത്തിനോടുള്ള ബന്ധത്തേയും അനുസരണത്തേയും സംബന്ധിക്കുന്ന ഒരു സംഭവം നമ്മുടെ പ്രസ്സിലെ ആബിദ് ഖാൻ സാഹിബ് എഴുതിയിരിക്കുന്നു.' ഡോക്ടർ സാഹിബ അദ്ദേഹത്തോടു പറഞ്ഞു, 'ഞാൻ ഖലീഫത്തുൽമസീഹിന്റെ വായിൽനിന്ന് എന്തെങ്കിലും കാര്യം ഉപരിപ്ലമായ നിലയിൽ കേട്ടാലും കല്പന അല്ലെങ്കിൽത്തന്നെയും ഉപരിപ്ലമായ കാര്യമാണെങ്കിലും അതിനേയും ഞാൻ കല്പനയായി മനസ്സിലാക്കുന്നു. അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുന്നു.' ഈ കൂറും അനുസരണത്തിന്റെ നിലവാരവുമായിരുന്നു അവരിലുണ്ടായിരുന്നത്. അവരെക്കുറിച്ച് ധാരാളമാളുകൾ എഴുതിയിട്ടുണ്ട്. അതെല്ലാം ഇപ്പോൾ പറയുക പ്രയാസമാണ്.ഒരു സ്ത്രീ എഴുതി: 'ഒരിക്കൽ ആശുപത്രിയ്ക്കു പിന്നിലുള്ള എന്റെ വീട്ടിൽനിന്ന് ലജ്നയുടെ ഓഫീസിലേക്ക് ഞാൻ പോകുകയായിരുന്നു. അപ്പോൾ ഡോക്ടർ സാഹിബ ജമാഅത്തിന്റെ വണ്ടിയിൽ ജമാഅത്തിന്റെ എന്തോ ജോലിക്കായി വെളിയിൽ എവിടെയോ പോകുകയായിരുന്നു. എവിടെപോകുകയാണെന്ന് എന്നോടു ചോദിച്ചു. ലജ്നയുടെ ഓഫീസിൽ ഇന്ന ഡ്യൂട്ടിയുണ്ട് അതിനു പോകുകയാണെന്ന് ഞാൻ പറഞ്ഞു. അപ്പോൾ ആദ്യം ഇവരെ ലജ്ന ഓഫീസിൽകൊണ്ടുവിട്ട് വരാൻ ഡ്രൈവറോടു പറഞ്ഞു. കാരണം ഇവർ ജമാഅത്തിന്റെ ജോലിക്കായി പോകുകയാണ്. പിന്നീടു പറഞ്ഞു:'ജമാഅത്തിന്റെ വണ്ടി ഞാൻ ജമാത്തിന്റെ ജോലിക്കായി മാത്രമേ ഉപയോഗിക്കാറുള്ളു.'

അവരുടെ മകൾ നദ്റത്ത് ആയിശ സാഹിബ പറയുന്നു:'എന്റെ ഉമ്മ ഒരു മാതൃകാമാതാവും അങ്ങേയറ്റം സ്നേഹിക്കുന്നവരുമായിരുന്നു. എനിക്കും എന്റെ കുട്ടികൾക്കുംവേണ്ടി അതിരില്ലാതെ ദുആ ചെയ്യാറുണ്ടായിരുന്നു. എന്തെങ്കിലും പ്രയാസം നേരിട്ടാൽ ഉടനെ ഞാൻ ഉമ്മായ്ക്ക് ഫോൺ ചെയ്യുമായിരുന്നു. പിന്നെ അതിനെ കുറിച്ച് അങ്ങനെ ഞാൻ ചിന്തിക്കുമായിരുന്നില്ല. അല്ലാഹുവിന്റെ കൃപയാൽ അതിനുശേഷം ആ ജോലി എളുപ്പം നടക്കുമായിരുന്നു. നീ അല്ലാഹുവിന് നന്ദി കാണിച്ച് അവന് സുജൂദ് ചെയ്യാൻ എന്നോടു പറയും. നിരവധി തിരക്കുകളുണ്ടായിട്ടും എന്റെ വളർച്ചയിലും ശിക്ഷണത്തിലും സുപ്രധാന പങ്കുവഹിച്ചു. എത്രമാത്രം ഉന്നതമായ സഹിഷ്ണുതയും ധൈര്യവുമായിരുന്നുവെന്നാൽ ഉമ്മയും ബാപ്പയും ആയിക്കൊണ്ട് എന്നെ വളർത്തി. എന്തെങ്കിലും ഉമ്മായ്ക്ക് തോന്നുകയാണെങ്കിൽ 'മകളേ! ശരിയായ നിലയിൽ നിന്നെ നോക്കാൻ എനിക്കു കഴിഞ്ഞില്ല' എന്ന് പറയും. തിരക്കുകാരണം എന്റെ മകൾക്ക് കൊടുക്കേണ്ട സമയം എനിക്ക് കൊടുക്കാൻ കഴിഞ്ഞില്ല.' എന്നിട്ട് ഉടനെ പറയും:'മനുഷ്യകുലത്തിന് സേവനം ചെയ്യാൻ ചെലവായ സമയത്തിന് പ്രാധാന്യം കൂടുതലാണ്. അല്ലാഹു എന്റെ മക്കളുടെ കാര്യങ്ങൾ സ്വയം നോക്കിക്കൊള്ളും.' എപ്പോഴും എന്നോടു പറയുമായിരുന്നു, 'നിന്റെ മാതാമഹൻ രണ്ടു കാര്യങ്ങൾ തന്റെ മക്കൾക്ക് ഉപദേശിച്ചിരുന്നു. ഒന്ന് തവക്കുൽ അലല്ലാഹ്. അല്ലാഹുവിൽ സർവവും സമർപിക്കുക. രണ്ടാമത്തേത് ഖിലാഫത്തുമായിട്ടുള്ള ബന്ധം. അതേ ഉപദേശം ഞാനും നിനക്കു നല്കാൻ ആഗ്രഹിക്കുകയാണ്. എപ്പോഴും അല്ലാഹുവിൽ എല്ലാം അർപിക്കുക. ഖിലാഫത്തുമായി നീ നിന്നെ തന്നെയും മക്കളേയും ബന്ധിപ്പിച്ചു നിറുത്തുക.' ഇവരെഴുതുന്നു: 'ഖിലാഫത്തിനോടു അറ്റമില്ലാത്ത വിശ്വാസവും സ്നേഹവുമായിരുന്നു. രോഗിയായപ്പോൾ, വെന്റിലേറ്റർ(ventilator) പിടിപ്പിക്കാൻ തുടങ്ങുമ്പോൾ നമസ്കരിച്ചു. എന്റെ മൊബൈൽ ഫോണിൽനിന്ന് വിശുദ്ധ ഖുർആൻ കേട്ടു. അതിനുശേഷം ഒരു പേപ്പറും പേനയും ചോദിച്ചു. കാലത്തിന്റെ ഖലീഫക്ക് ആവർത്തിച്ചാവർത്തിച്ച് ദുആയുടെ സന്ദേശം അയച്ചുകൊണ്ടിരിക്കണമെന്ന് അതിൽ എഴുതിത്തന്നു.' പറയുന്നു:'ഞാൻ എന്റെ ഉമ്മയെ അങ്ങേയറ്റം ആത്മാർഥതയും ജമാഅത്തുപരമായ സേവനത്തിന്റെ വികാരത്താൽ ലയിച്ചവരായും കണ്ടു. ഫള്ലെ ഉമർ ആശുപത്രിയിൽ ഉമ്മയുടെ സേവനങ്ങളുടെ തുടക്കം ഒരു ചെറിയ കൺസൽട്ടേഷൻ റൂമിൽ(consultation room)നിന്നായിരുന്നു. അതിന്റെ ഒരു ഭാഗത്ത് രീഗരവും മറുഭാഗത്ത് സാധാരണ രീതിയിലുള്ള മേശയും കസേരയുമായിരുന്നു ഉണ്ടായിരുന്നത്. അവരുടെ സേവനങ്ങളുടെ ആവേശവും ദുആകളും ആദ്യം അവർക്ക് ലേബർവാർഡും പിന്നീട് ഗൈനക്ക് വകുപ്പിന്റെ സ്വതന്ത്രമായ(independent)ബിൽഡിംഗും നല്കി. അതിനെ അവരും അവരുടെ ടീമും വളരെ താൽപര്യത്തോടും ആഗ്രഹത്തോടും കൂടി വിജയപ്രദമായ ഒരു യൂണിറ്റാക്കി. മെഡിക്കൽ എക്യൂപ്പ്മെന്റ് (equipment)വാങ്ങുന്നതിനായി നേരിട്ട് ലാഹോറിലും ഫൈസലാബിദിലും പോകുമായിരുന്നു. ഞാനും ചില യാത്രകളിൽ അവരോടൊപ്പം പോയിരുന്നു. എല്ലാ വ്യാപാരികളിൽനിന്നും ക്വട്ടേഷൻ വാങ്ങും. ജമാഅത്തിന്റെ പണം നഷ്ടപ്പെടാതിരിക്കാൻ ശ്രമിച്ചിരുന്നു.'

പറയുന്നു: 'ഒരിക്കൽ എന്റെ മകൾ ആലിയ 15 ദിവസത്തിന് റബ്വയിൽ വന്നിരുന്നു. അവളേയും തന്റെ വകുപ്പിന്റെ സേവനത്തിൽ ഉൾപ്പെടുത്താൻ ടൈപ്പിംഗിൽ സഹായിക്കാനും നിനക്കു നല്ല സ്പീഡുണ്ടെന്നും പറഞ്ഞു. ജമാഅത്തിന് സേവനം ചെയ്യുക എന്നത് ഒരു ഭാഗ്യമാണ്. അതുകൊണ്ട് നീ ഈ ഭാഗ്യത്തിൽ ഭാഗഭാക്കാകുക. തന്റെ ജോലിയിൽ എത്രമാത്രം താൽപര്യമായിരുന്നുവെന്നാൽ രോഗത്തിന്റെ അവസാന നാളുകളിലും ആശുപത്രിയുടെ പേരുകേട്ടാൽ അവരുടെ മുഖത്ത് പുഞ്ചിരി തെളിയുമായിരുന്നു. മയക്കാവസ്ഥയിലും ആശുപത്രിയിലെ ഓപ്റേഷൻ തിയറ്ററിന്റേയും മിഷ്യൻ ഉണ്ടാക്കുന്ന കമ്പനികളുടേയും പേരു പറയുമായിരുന്നു. അതുകേട്ട് ഇംഗ്ലീഷുകാരായ നേഴ്സുമാരും അത്ഭുതപ്പെട്ടു. എന്താണ് ഇവർ പറയുന്നതെന്ന് അവർ എന്നോടു ചോദിക്കുമായിരുന്നു. അല്ലാഹുവിന്റെ സത്തയിൽ അതിരറ്റ തവക്കുലായിരുന്നു. കഠിനമായ രോഗത്തിന്റെ ലോകത്ത് കുറച്ചു ദിവസംവരെ സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല. സ്പീക്കിംഗ് വാൽവ് (speaking valve)ഘടിപ്പിച്ചപ്പോൾ ആദ്യ വാക്യം അമ്മി പറഞ്ഞത് 'അല്ലാഹുവിൽ വിടുക, എന്റെ മകളെ' എന്നായിരുന്നു. ഞാൻ കരയാൻ തുടങ്ങിയാൽ കണ്ണുകൊണ്ട് അല്ലാഹുവിലേക്ക് ആംഗ്യം കാണിക്കും'

അല്ലാഹു അവരുടെ ഈ ഏക മകൾക്കും ക്ഷമയും ധൈര്യവും പ്രദാനം ചെയ്യുമാറാകട്ടെ. അവരുടെ ഉമ്മ അവർക്കുന്ലകിയ ഉപദേശങ്ങളും മകളിൽനിന്ന് അവർ പ്രതീക്ഷിച്ചതും പൂർത്തിയാക്കാൻ അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു ഈ മകളെ എപ്പോഴും തന്റെ സംരക്ഷണയിലും സമാധാനത്തിലും വെക്കുമാറാകട്ടെ; അവരുടെ മക്കളേയും. പരേതയുടെ ദർജകൾ ഉയർത്തുമാറാകട്ടെ. അല്ലാഹു ഫള്ലെ ഉമർ ആശുപത്രിക്ക് സേവനം ചെയ്യുന്നവരും കൂറോടുകൂടി തങ്ങളുടെ ജോലി പൂർത്തിയാക്കുന്നവരും കൂറോടുകൂടി ജമാഅത്തുമായി ബന്ധപ്പെട്ടിരിക്കുന്നവരും ഖിലാഫത്തിനെ അനുസരിക്കുന്നവരുമായ കൂടുതൽ ഡോക്ടർമാരെ നല്കുമാറാകട്ടെ. ഇപ്പോഴുള്ളവരെ അവരുടെ ജോലിയിൽ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ.

ജുമുഅ നമസ്കാരത്തിനുശേഷം ഇവരിരുവരുടേയും ജനാസ ഗാഇബ് ഞാൻ നമസ്കരിക്കുന്നതാണ്.

AL ISLAM

## ഇർശാദുന്നബ്വി(സ)

"നിനക്ക് വല്ല ആപത്തും നേരിട്ടാൽ ഞാൻ ഇന്നത് ചെയ്തിരുന്നുവെങ്കിൽ ഇന്നിന്നതു ഉണ്ടാകുമായിരുന്നു എന്ന് നീ പറയരുത്. മറിച്ച് അല്ലാഹുവിന്റെ ഉദ്ദേശ്യം പൂർത്തിയായി എന്നു പറയുക." (മുത്തഫിഖുൻ അലയ്ഹി)

**ത്വാലിബെ ദുആ:**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**






## ഇർശാദുന്നബ്വി(സ)

അല്ലാഹു പറയുന്നു:"എന്റെ അടിമകളേ! ഞാൻ തീറ്റിയിട്ടില്ലെങ്കിൽ നിങ്ങളെല്ലാം വിശന്നു വലയുന്നവരാണ്. നിങ്ങളെന്നോടു ഭക്ഷണം ചോദിക്കുക. ഞാൻ നിങ്ങൾക്ക് ഭക്ഷണം തരുന്നതാണ്."

**ത്വാലിബെ ദുആ:**
**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

EDITOR
H.Shamsuddin
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)
ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-1 Thursday 24 November Issue-38

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും അവിടത്തെ ജമാഅത്തിന്റേയും അന്തസിനെ നിലനിറുത്താൻ ഓരോ നിമിഷവും ശ്രമിച്ചുകൊണ്ടിരിക്കുക. നിങ്ങളുടെ ഈഗോകൾ അവസാനിപ്പിക്കുക. അല്ലാഹുവിനുവേണ്ടി മാത്രം പണിയെടുക്കുക.**

**നിങ്ങളുടെ നല്ല കർമപരമായ മാതൃകകൊണ്ട് ഇസ്ലാം-അഹ്മദിയ്യത്തിന്റെ തബ്‌ലീഗ് ചെയ്യുക. നിങ്ങളുടെ സൽമാതൃകകണ്ടുകൊണ്ടുതന്നെയാണ് ഇസ്ലാം-അഹ്മദിയ്യത്തിലേക്ക് ജനങ്ങൾ വരുന്നത്.**

**അല്ലാഹുവിന്റെ ഒരു മഹത്തായ ഉപഹാരം ഖിലാഫത്തിന്റെ രൂപത്തിൽ നിങ്ങൾക്ക് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു. ഇതിന്റെ ബർക്കത്തുകൊണ്ട് നിങ്ങൾ ഐക്യത്തിന്റെ മാലയിൽ കോർക്കപ്പെട്ടിരിക്കുന്നു. ഈ നിഅ്മത്തിനെ ആദരിക്കുക. ഈ പാശത്തെ മുറുകെ പിടിക്കുക.**

**ഞാൻ ദുആ ചെയ്യുന്നു:**
**അല്ലാഹു നിങ്ങളുടെ ഈ ജൽസയെ നിങ്ങൾക്ക് ആത്മീയമായ കാരുണ്യങ്ങൾക്കും ബർക്കത്തുകൾക്കുമുള്ള മാർഗമാക്കട്ടെ. നിങ്ങൾ നിങ്ങളുടെ ഉള്ളിൽ നല്ലതും പരിശുദ്ധവുമായ പരിവർത്തനമുണ്ടാക്കുന്നവരാകട്ടെ.**

**ജപ്പാൻ അഹ്മദിയ്യാ ജമാഅത്ത് 2016 മെയ് 3,4 തിയതികളിൽ മസ്ജിദ് ബയത്തുൽഅഹദിൽ സംഘടിപ്പിച്ച 33-ാമത് ജൽസസാലാനയിൽ അമീറുൽമുഅ്മിനീന്റെ സന്ദേശം**

*ജപ്പാൻ അഹ്മദിയ്യാ ജമാഅത്തിന്റെ 33-ാമത് ജൽസസാലാന 2016 മെയ് 3,4 തിയതികളിൽ മസ്ജിദ് ബയത്തുൽഅഹദിൽ സംഘടിപ്പിക്കുകയുണ്ടായി. 1981 മുതൽ ജപ്പാൻ അഹ്മദിയ്യാ ജമാഅത്തിന് ജൽസസാലാന സംഘടിപ്പിക്കാനുള്ള തൗഫീഖ് കിട്ടിക്കൊണ്ടിരിക്കുന്നു. ആദ്യത്തെ ജൽസസാലാന ടോക്കിയോയിലാണ് നടന്നത്. അതിൽ 5 ജമാഅത്തംഗങ്ങളും 3 ജപ്പാൻ അതിഥികളും പങ്കെടുത്തിരുന്നു. അതിനുശേഷം വിവിധ സ്ഥലങ്ങളിൽ വിവിധ കമ്മ്യൂണിറ്റി സെന്ററുകളിൽ ജൽസസാലാന നടന്നു വന്നു. അഹ്മദിയ്യ ജമാഅത്ത് ജപ്പാന് ഈ വർഷം ഈ ജൽസ മസ്ജിദ് 'ബയ്ത്തുൽ അഹദിൽ'സംഘടിപ്പിക്കാൻ തൗഫീഖ് കിട്ടിയിരിക്കുകയാണ്. ഈ മസ്ജിദിന്റെ ഉദ്ഘാടനം അമീറുൽമുഅ്മിനീൻ 2015 നവംബറിൽ നിർവഹിച്ചതാണ്. അഹ്മദിയ്യാ ജമാഅത്ത് ജപ്പാന്റെ വെബ്സൈറ്റും സോഷ്യൽമീഡിയായും പ്രസ്സ് റിലീസും മുഖേന ജൽസസാലാനയുടെ തിയതികളും പരിപാടികളും പരസ്യം ചെയ്തിരുന്നു. അഹ്മദിയ്യാ ജമാഅത്ത് ജപ്പാനിലെ അംഗങ്ങൾക്കു പുറമെ മലേഷ്യാ, ഇന്തോനേഷ്യാ, ശ്രീലങ്ക, അമേരിക്ക, പാക്കിസ്താൻ, യു.എ. ഇ തുടങ്ങിയ രാജ്യങ്ങളിൽനിന്ന് അതിഥികൾ ജൽസയിൽ പങ്കെടുത്തു. ജൽസസാലാനയുടെ രണ്ടു ദിവസങ്ങളിൽ മതനേതാക്കന്മാർ, യൂണിവേഴ്സിറ്റിയിലെ പ്രൊഫസർമാർ, സ്കൂളുകളിലെ അധ്യാപകർ, വിദ്യാർഥികൾ ഉൾപ്പെടെ 68 ജപ്പാനീ അതിഥികൾ വിവിധ സെഷനുകളിൽ പങ്കെടുത്തു. അമീറുൽമുഅ്മിനീൻ ജൽസസാലാനയ്ക്കുവേണ്ടി തന്റെ സന്ദേശം അയച്ചുകൊടുത്തു. അൽഫസ്ല് ഇന്റർനാഷണൽ 2016 ജൂൺ 24ന്റെ ലക്കത്തിൽ പ്രസിദ്ധീകരിച്ച പ്രസ്തുത സന്ദേശം ബദ്ർ വായനക്കാർക്കുവേണ്ടി പ്രസിദ്ധീകരിക്കുകയാണ്. (എഡിറ്റർ)*

بسم اللہ الرحمن الرحیم
نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ
خدا کے فضل اور رحم کے ساتھ
ھوالنّاصر

ജപ്പാൻ അഹ്മദിയ്യാ ജമാഅത്തിലെ പ്രിയപ്പെട്ട സഹോദരങ്ങളേ!

السلام علیکم ورحمۃ اللہ وبرکاتہ

അഹ്മദിയ്യാ ജമാഅത്ത് ജപ്പാന് തങ്ങളുടെ 33-ാമത് ജൽസസാലാന സംഘടിപ്പിക്കാൻ തൗഫീഖ് കിട്ടുന്നു എന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അല്ലാഹു നിങ്ങളുടെ ഈ ജൽസയെ നിങ്ങൾക്ക് ആത്മീയമായ കാരുണ്യങ്ങൾക്കും ബർക്കത്തുകൾക്കുമുള്ള മാർഗമാക്കട്ടെ. നിങ്ങൾ നിങ്ങളുടെ ഉള്ളിൽ നല്ലതും പരിശുദ്ധവുമായ പരിവർത്തനമുണ്ടാക്കുന്നവരാകട്ടെ.

ഓർമിക്കുക! സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്ത് രൂപീകരിച്ചത് അതിൽ പ്രവേശിക്കുന്നവർ തങ്ങളുടെ സൽസ്വഭാവങ്ങളിലും കർമങ്ങളിലും ഭക്തിയിലും അഭിവൃദ്ധിപ്പെടുന്നതിനുവേണ്ടിയാണ്; അല്ലാഹുവിന്റെ സഹായത്തിന്റേയും സ്നേഹത്തിന്റേയും കൃപാവരം അവർക്ക് കരസ്ഥമാകാൻ. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

"അല്ലാഹു ഈ ജമാഅത്തിനെ അവരുടെ മാതൃകകണ്ട് ജനങ്ങൾക്ക് അല്ലാഹുവിനെ ഓർമവരത്തക്കവണ്ണമുള്ള ഒരു ജനതയാക്കാൻ ആഗ്രഹിക്കുന്നു. അവർ ഭക്തിയുടേയും പരിശുദ്ധിയുടേയും ഒന്നാമത്തെ സ്ഥാനത്ത് നിലകൊള്ളുകയും യഥാർഥത്തിൽ ദീനിനെ ദുൻയാവിനെക്കൾ മുന്തിക്കുകയും ചെയ്തിട്ടുള്ളവരാകണം."(റൂഹാനീഖസായിൻ വാല്യം 20 പേജ് 78)

പറയുന്നു: "നിങ്ങൾ ഞാനുമായി സത്യസന്ധമായ ബന്ധം പുലർത്തുന്നതിന്റെ ഉദ്ദേശ്യം നിങ്ങളുടെ സൽസ്വഭാവങ്ങളിലും ശീലങ്ങളിലും വ്യക്തമായ പരിവർത്തനമുണ്ടാക്കുക എന്നതാണ്. അത് മറ്റുള്ളവർക്ക് സന്മാർഗപ്രാപ്തിക്കും സൗഭാഗ്യത്തിനും കാരണമാകണം."(മൽഫൂദാത്ത് വാല്യം 1 പേജ് 151)

അതിനാൽ ഇതാണ് അഹ്മദിയ്യാ ജമാഅത്തിന്റെ ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും. നിങ്ങളിലെ എല്ലാ ഓരോ അഹ്മദിയും ഈ ഉദ്ദേശ്യങ്ങൾ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. സൽസ്വഭാവങ്ങളിലും ശീലങ്ങളിലും പരിശുദ്ധമായ പരിവർത്തനമുണ്ടാക്കുക. ആരാധനാ കർമങ്ങളുടെ ഉന്നതമായ നിലവാരം സ്ഥാപിക്കുക. പരസ്പരം സ്നേഹത്തിന്റേയും അനുരക്തിയുടേയും അന്തരീക്ഷം സ്ഥാപിക്കുക. സ്വന്തം വികാരാവേശങ്ങളിൽനിന്ന് പരിശുദ്ധരായും വിഷയാസക്തിയേയും സ്വന്തം ഈഗോകളേയും ഉപേക്ഷിച്ച് ദൈവീകോദ്ദേശ്യത്തിന്റെ ഉള്ളിൽ നടക്കുന്നതിനുവേണ്ടി പരിശ്രമിക്കുക. ജമാഅത്തിന്റെ അന്തസ്സ് സ്ഥാപിതമാകുംവിധമുള്ള മാതൃക സമർപിക്കുക. കാരണം നിങ്ങൾ ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചവരാണ്. നിങ്ങളുടെ കർമങ്ങളുടെ സ്വാധീനം നിങ്ങളിൽമാത്രം ഒതുങ്ങിനില്ക്കുന്നില്ല. മറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)വരെ അതെത്തുന്നു.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:"ഞാനുമായി ബന്ധംവെക്കുന്നവരെ സംബോധന ചെയ്തുകൊണ്ട് ഞാൻ വീണ്ടും ഒരിക്കൽകൂടി പറയുന്നു, ഈ ബന്ധം ഒരു സാധാരണ ബന്ധമല്ല. പ്രത്യുത ശക്തിമത്തായ ബന്ധമാണ്. ഈ ബന്ധം എങ്ങനെയുള്ളതാണെന്നുവച്ചാൽ അതിന്റെ സ്വാധീനം ഞാൻവരെ മാത്രമല്ല എന്നേയും ലോകത്ത് സത്യസന്ധതയുടേയും ധാർമികതയുടേയും റൂഹുംകൊണ്ടുവന്ന ആ മഹാത്മാവായ സമ്പൂർണ മനുഷ്യൻവരെ എത്തിച്ച ആ അസ്തിത്വംവരെ എത്തുന്നു. ഞാൻ പറയുന്നത് ഇക്കാര്യങ്ങളുടെ സ്വാധീനം എന്റെ അസ്തിത്വംവരെ മാത്രം പരിമിതമായിരുന്നെങ്കിൽ എനിക്ക് ഒട്ടും ആശങ്കയും ചിന്തയുമുണ്ടാകുമായിരുന്നില്ല. ഞാൻ അത് വകവെക്കുകയുമില്ലായിരുന്നു. എന്നാൽ, ഇതിൽ അവസാനിക്കുന്നില്ല. അതിന്റെ സ്വാധീനം നമ്മുടെ ആദരണീയനായ നബി(സ)തിരുമേനിയും അല്ലാഹുവിന്റെ പരിശുദ്ധമായ അസ്തിത്വംവരെ തന്നേയുമെത്തുന്നു.............ഇതിനെക്കാളുപരി ഞാൻ ഒന്നുംതന്നെ പറയുന്നില്ല. അതായത് അല്ലാഹുവിൽനിന്നു നിയോഗിതനായ ഒരു വ്യക്തിയുമായിട്ടാണ് നിങ്ങൾ ബന്ധം വെക്കുന്നത്. അനുസരണപ്രതിജ്ഞ ചെയ്തതിനുശേഷം നിഷേധത്തിന്റെ മാലിന്യത്തിൽ വീണ് നിത്യശിക്ഷ ചോദിച്ചു വാങ്ങുന്നവരിൽ പെടാതിരിക്കാൻ അയാൾ പറയുന്ന കാര്യങ്ങൾ ഹൃദയങ്ങളുടെ ചെവികൾകൊണ്ട് കേൾക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ എപ്പോഴും തയ്യാറായിരിക്കുകയും ചെയ്യുക."(അൽഫൂദാത്ത് വാല്യം 1 പേജ് 104-105)

അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും അവിടത്തെ ജമാഅത്തിന്റേയും അന്തസിനെ നിലനിറുത്താൻ ഓരോ നിമിഷവും ശ്രമിച്ചുകൊണ്ടിരിക്കുക. നിങ്ങളുടെ ഈഗോകൾ അവസാനിപ്പിക്കുക. അല്ലാഹുവിനുവേണ്ടി മാത്രം പണിയെടുക്കുക. നിങ്ങളുടെ സൽകർമപരമായ മാതൃകകൊണ്ട് ഇസ്ലാം-അഹ്മദിയ്യത്തിനുവേണ്ടി തബ്‌ലീഗ് ചെയ്യുക. നിങ്ങളുടെ സൽമാതൃകകണ്ടുകൊണ്ടുതന്നെയാണ് ഇസ്ലാം-അഹ്മദിയ്യത്തിലേക്ക് ജനങ്ങൾ വരുന്നത്. പിന്നീട് അല്ലാഹുവിന്റെ ഒരു മഹത്തായ ഉപഹാരം ഖിലാഫത്തിന്റെ രൂപത്തിൽ നിങ്ങൾക്ക് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു. ഇതിന്റെ ബർക്കത്തുകൊണ്ട് നിങ്ങൾ ഐക്യത്തിന്റെ മാലയിൽ കോർക്കപ്പെട്ടിരുന്നു. ഈ നിഅ്മത്തിനെ ആദരിക്കുക. ഈ പാശത്തെ ശക്തിയോടുകൂടി പിടിക്കുക. ഖിലാഫത്തിന്റെ അനുസരണത്തിന്റെ നുകം നിങ്ങളുടെ പിടലികളിൽ വെക്കുക. ഇതിലാണ് നിങ്ങളുടെ ആത്മീയമായ അമരത്തം. ഇതുമുഖേന നിങ്ങളുടെ ആത്മീയാഭിവൃദ്ധിയുടെ കവാടങ്ങൾ തുറക്കുന്നതാണ്. അല്ലാഹു നിങ്ങളോടൊപ്പമുണ്ടാകട്ടെ. അല്ലാഹു നിങ്ങളെ എപ്പോഴും അവന്റെ തൃപ്തിയുടെ വഴികളിൽ നടത്തുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രതീക്ഷകൾക്കൊത്ത് ജീവിക്കാൻ അല്ലാഹു നിങ്ങൾക്ക് തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു നിങ്ങളുടെ സഹായിയും സംരക്ഷകനുമായിരിക്കട്ടെ.(ആമീൻ)

വസ്സലാം
വിനീതൻ
خلیفۃ المسیح الخامس
മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽമസീഹ് അൽഖാമിസ്

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin